VOL NO: 05 I ISSUE 26
www.nerpatham.com
mail@nerpatham.com
2021 JULY 03 I ₹12

നേർപഥം
വാരിക


# സ്ത്രീധനം: പോരാളികളെവിടെ? നിയമമെവിടെ?



ശാന്തസുന്ദരകേരകേദാരമെന്ന് സ്വയമവകാശപ്പെടുമ്പോഴും സ്ത്രീധന ഗാർഹിക പീഡന കണക്കിൽ അഗ്രമ സ്ഥാനത്താണ് കേരളം. സ്ത്രീധനത്തിൽ നിന്നും കേരളത്തെ സംരക്ഷിക്കാൻ പുരുഷ കേന്ദ്രീകൃത അധികാര വ്യവസ്ഥിതിക്ക് ആത്മാർഥതയില്ലെന്ന് മാത്രമല്ല, ഈ ദുരാചാരം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതാണ് അതിന്റെ ഘടനാപരമായ സവിശേഷത എന്നുകൂടി മനസ്സിലാക്കുമ്പോഴെ നാമെത്തിനിൽക്കുന്ന അപകടത്തിന്റെ ആഴം ബോധ്യപ്പെടൂ.

- സ്ത്രീധനം അഥവാ ‘പുരുഷധനം’

- ഇതെന്തു ധനം?
- കുടുംബ ജീവിതം; അതിൽ സ്ത്രീക്കുള്ള പങ്ക്
- സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ സുരക്ഷിതയാണ്


wisdomyouth
WISDOM
ഡയലോഗ്
4.0
ജിഹാദ്
ഒരു ഭീകര കഥയല്ല
LIVE STREAMING
wisdomglobaltv
wisdomyouth
Wisdom Islamic Youth Organization
Kerala State Committee, C.V Complex, Kozhikode

0232
നേർപഥം
വാരിക

2021 ജൂലൈ 03
1442 ദുൽക്വഅ്ദ 23
പുസ്തകം 05 / ലക്കം 26

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly







10
സുഫ്‌യാൻ അബ്ദുസ്സലാം
**സ്ത്രീധനം: പോരാളികളെവിടെ? നിയമമെവിടെ?**

05
**മുഖമൊഴി**
സ്ത്രീധനം അഥവാ 'പുരുഷധനം' / 05
എഡിറ്റർ

06
**ലേഖനം**
ആരാണ്
ഏറ്റവും നല്ലവൻ?
ദുൽക്കർഷാൻ അലനല്ലൂർ

18
**ചരിത്രപഥം**
ത്വാഇഫ് യാത്രയും
ആകാശാരോഹണവും
ഹുസൈൻ സലഫി, ഷാർജ

24
**ലേഖനം**
ഇതെന്തു ധനം?
സഹ്റ സുല്ലമിയ്യ

26
**ലേഖനം**
സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ
സുരക്ഷിതയാണ്
അബ്ദുൽ ജബ്ബാർ മദീനി

32
**പുനർവായന**
കുടുംബ ജീവിതം;
അതിൽ സ്ത്രീക്കുള്ള പങ്ക്
സുലൈഖ അബൂബക്കർ എംഎസ്‌സി

34
**കവിത**
പറിച്ചുനടുമ്പോൾ...
സീനത്ത് അലി എടത്തനാട്ടുകര

ചലനങ്ങൾ

# സ്ത്രീധന വിവാഹം മലയാളിയെ നാണം കെടുത്തുന്നു: വിസ്ഡം വിമൺ

കോഴിക്കോട്: സ്ത്രീ സമൂഹത്തെ അപമാനിക്കും വിധം ഇക്കാലത്തും പ്രബുദ്ധ കൈരളിയിൽ സ്ത്രീധന വിവാഹം നടക്കുന്നുണ്ടെന്നത് മലയാളമണ്ണിന് നാണക്കേടാണെന്ന് വിസ്ഡം ഇസ്‌ലാമിക് വിമൺ ഓർഗനൈസേഷൻ സംസ്ഥാന കൗൺസിൽ അഭിപ്രായപ്പെട്ടു.

ശാസ്താംകോട്ടയിലെ വിസ്മയ കിരൺ സ്ത്രീധന ദുരന്തത്തിലെ അവസാന ഇരയാണ്. ഇനിയും ഇത്തരം ക്രൂരതകൾ അരങ്ങേറുന്നതിനെതിരെ സമൂഹം ജാഗ്രത പാലിക്കണം. മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണയിലും അനന്തരാവകാശ നിയമങ്ങളിലും അസ്വാതന്ത്ര്യം ദർശിക്കുന്നവർ വനിതകൾക്കെതിരെയുള്ള പീഡനങ്ങൾക്കും ക്രൂരതകൾക്കുമെതിരെ കണ്ണടയ്ക്കുകയാണ്. സാംസ്കാരിക പരിവേഷം നൽകി സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനാണെന്ന വ്യാജേനയുള്ള മതവിരുദ്ധ നിലപാടുകളെടുക്കുന്നവർ സാമ്രാജ്യത്വത്തിനും ആൺമേൽക്കോയ്മയ്ക്കും സ്ത്രീത്വം അടിയറ വെക്കുകയാണ്. സ്ത്രീകളുടെ പ്രകൃതിക്കനുഗുണമായ മാർഗനിർദേശങ്ങളാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. സ്ത്രീധനത്തിനെതിരെ ശക്തമായ നിലപാടാണ് മതം അനുശാസിക്കുന്നത്. സ്ത്രീധനം പോലെയുള്ള സമ്പ്രദായങ്ങൾ പ്രാകൃതവും മനുഷ്യത്വരഹിതവുമാണെന്നും അതിനെതിരെ നിയമനിർമാണം നടത്തണമെന്നും സമൂഹം ഉണർന്ന് പ്രവർത്തിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

സംസ്ഥാന കൗൺസിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം വിമൺ സംസ്ഥാന പ്രസിഡന്റ് സഹ്റ സുല്ലമിയ്യ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. റസീല സി, പ്രൊഫസർ അസ്മാബി, സിമി മുഹമ്മദ് ആലപ്പുഴ എന്നിവർ സംസാരിച്ചു.

## സ്ത്രീധന നിരോധന നിയമം കാര്യക്ഷമമാകണം: വിസ്ഡം യൂത്ത്

കോഴിക്കോട്: ഗാർഹിക പീഡനങ്ങളും സ്ത്രീ പീഡനങ്ങളും ആത്മഹത്യയും കുടുംബഛിദ്രതയുമെല്ലാം രാജ്യത്ത് വർധിച്ച് വരുന്ന സാഹചര്യത്തിൽ 1961ൽ പാസാക്കുകയും 1984ൽ ഭേദഗതി ചെയ്യുകയും ചെയ്ത സ്ത്രീധന നിരോധന നിയമം കാര്യക്ഷമമാക്കി നടപ്പിലാക്കാൻ ഭരണകൂടം തയ്യാറാകണമെന്ന് വിസ്ഡം യൂത്ത് സംഘടിപ്പിച്ച ലീഡേഴ്സ് മീറ്റ് 'ലീഡ്സ്' ആവശ്യപ്പെട്ടു.

ഐ.പി.സി പ്രകാരം അഞ്ച് വർഷം തടവ് വരെ അനുശാസിക്കുന്ന നിയമം നിലനിൽക്കെ അതുപയോഗിച്ചുള്ള നടപടിക്രമങ്ങൾ തീരെ നടക്കുന്നില്ലെന്നാണ് വിലയിരുത്തുന്നത്. സ്ത്രീധനം കാരണമായി അരങ്ങേറുന്ന പീഡനങ്ങൾക്കും അക്രമങ്ങൾക്കും അറുതി വരുത്താൻ എല്ലാവരും ഇടപെടണം. അതേസമയം ഇത്തരം അനാചാരങ്ങൾക്കും ക്രൂരതകൾക്കുമെതിരെ യുവാക്കളുടെ ശബ്ദം ഉയരണം. സ്ത്രീധന വിവാഹത്തിൽ നിന്ന് വിട്ടുനിന്ന് സ്ത്രീധന രഹിത വിവാഹം സാർവത്രികമാക്കാൻ യുവാക്കൾ രംഗത്തിറങ്ങണം. യുവാക്കളുടെ കർമശേഷിയെ നന്മയിലധിഷ്ഠിതമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം. പല കൊലപാതകങ്ങൾക്കും കള്ളക്കടത്തിനും അക്രമങ്ങൾക്കും പിന്നിൽ മദ്യമാണെന്ന വസ്തുത കൂടി തിരിച്ചറിയുകയും സാമൂഹികനഷ്ടം വിതയ്ക്കുന്ന മദ്യമെന്ന വിനാശകാരിയെ എടുത്തെറിയാനും ഭരണകൂടം നിയമങ്ങൾ പരിഷ്കരിക്കണം. മദ്യത്തിന്റെ കാര്യത്തിൽ പ്രാദേശിക വികാരം കണക്കിലെടുത്ത് മദ്യ വ്യാപാരത്തിന് തടയിടണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു.

മുഖമൊഴി

# സ്ത്രീധനം അഥവാ 'പുരുഷധനം'

ഒരു അനിഷ്ടകരമായ, വേദനാജനകമായ സംഭവം നടന്നാൽ ഉടനെ നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ അതിന്റെ പിന്നാലെ കൂടും. പൊടിപ്പും തൊങ്ങലുംവെച്ച് അത് ജനങ്ങളിലേക്കെത്തിക്കും. മറ്റൊരു സംഭവത്തോടുകൂടി ആദ്യസംഭവത്തെ ഉപേക്ഷിക്കുകയും പുതിയതിന്റെ പിന്നാലെ കൂടുകയും ചെയ്യും. സർക്കാറും ഞെട്ടിയുണരുക ഇത്തരം ഘട്ടങ്ങളിലാണ്. ഡോറില്ലാത്ത ബസിൽനിന്നും ആരെങ്കിലും തെറിച്ചുവീണു മരിച്ചാൽ മാത്രം ഡോറിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചയായി. എല്ലാ ബസുകൾക്കും വാതിൽപാളി വേണമെന്നും അത് തുറന്നിട്ടുകൊണ്ട് യാത്ര പാടില്ലെന്നും കൽപനയായി... ഏതാനും മാസങ്ങൾക്കകം എല്ലാം പഴയപടിയാകും! ഇത് ഒരു ഉദാഹരണം മാത്രം. ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാകും.

ഈയിടെ ഉയർന്നുവന്ന സ്ത്രീധനവും അതിന്റെ പേരിലുള്ള പീഡനവും സംബന്ധിച്ച വാർത്തകൾ എടുക്കുക. വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഈ വിഷയം താമസിയാതെ അപ്രസക്തമാകും. അധികാരസ്ഥാനങ്ങളിലുള്ളവരുടെ അമർഷം പ്രസ്താവനകളിൽ ഒതുങ്ങും. സ്ത്രീധനം ചോദിക്കലും വാങ്ങലും കൊടുക്കലും നിർബാധം നടക്കും. പീഡനങ്ങളും കൊലപാതകങ്ങളും ആത്മഹത്യകളും അഭംഗുരം തുടരും.

ഭാവിജീവിതം കരുപ്പിടിപ്പിക്കാനുള്ള സാമ്പത്തിക സ്രോതസ്സായി മാത്രം സ്ത്രീയെ കാണുന്ന, വിവാഹം കഴിക്കണമെങ്കിൽ ഇത്ര പവൻ സ്വർണവും ഇത്ര ലക്ഷംരൂപയും താൻ പറയുന്ന മോഡൽ കാറും തരണമെന്ന് നിബന്ധനവെക്കുന്ന അവസ്ഥക്ക് വിരാമമിടാനുള്ള നിയമമൊക്കെ നമ്മുടെ നാട്ടിലുണ്ട്. സ്ത്രീധനം ചോദിക്കുന്നതും കൊടുക്കുന്നതും സ്വീകരിക്കുന്നതും നിരോധിച്ചുകൊണ്ട് സ്ത്രീധനത്തിന് ഇരയായിത്തീരുന്നവരുടെ മോചനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ 1961ൽ പാസ്സാക്കിയ നിയമമാണ് 'സ്ത്രീധനനിരോധന നിയമം' (Dowry Prohibition Act). ഈ നിയമം 1984ൽ ഭേദഗതി ചെയ്യുകയുണ്ടായി. സ്ത്രീധനം എന്താണെന്ന് ഈ നിയമത്തിൽ നിർവചിച്ചിട്ടുണ്ട്. വിവാഹവുമായി ബന്ധപ്പെട്ട് വിവാഹസമയത്തോ അതിനു മുമ്പോ പിമ്പോ വിവാഹിതരാകുന്ന കക്ഷികളിൽ ഒരാൾ മറ്റൊരാൾക്കു കൊടുക്കുന്നതോ, വിവാഹിതരാകുന്നവരുടെ മാതാപിതാക്കളോ മറ്റാരെങ്കിലുമോ വധുവിനോ വരനോ മറ്റാർക്കെങ്കിലുമോ കൊടുക്കുന്ന എല്ലാ സ്വത്തുക്കളും വിലയുള്ള പ്രമാണങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ 'സ്ത്രീധനം' ആണ്. എന്നാൽ മുസ്‌ലിം വ്യക്തിനിയമമനുസരിച്ചുള്ള; വരൻ വധുവിന് നൽകുന്ന വിവാഹമൂല്യം (മഹ്ർ) ഇതിൽനിന്ന് ഒഴിവാണ്.

എന്നാൽ ആരും ആവശ്യപ്പെടാതെ വധൂവരന്മാർക്ക് സ്വന്തം ഇഷ്ടവും കഴിവും അനുസരിച്ച് കൊടുക്കുന്ന പാരിതോഷികങ്ങൾ ഇതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നില്ല. ഭാവിയിൽ ഒരു വ്യവഹാരം ഉണ്ടാകാതിരിക്കുവാനായി വധൂവരന്മാർക്ക് ലഭിക്കുന്ന വസ്തുവകകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഇരുവരും അതിൽ ഒപ്പുവെച്ച് ആയത് സൂക്ഷിക്കേണ്ടതുണ്ട് എന്നാണ് നിയമം.

സ്ത്രീധനത്തിന്റെ കാര്യത്തിൽ സ്ത്രീകളും ഒരു പരിധിവരെ പ്രതികളാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. ആഭരണം കണക്കുപറഞ്ഞ് വാങ്ങാൻ നിർബന്ധിക്കുന്ന, വരന്റെ മാതാവും സഹോദരിമാരുമുണ്ട്. ഭർത്താവിന്റെ കുടുംബത്തിലെ, അല്ലെങ്കിൽ സ്വന്തം കുടുംബത്തിലെ മറ്റുള്ളവരുടെ ഒപ്പത്തിനൊപ്പം സ്ഥാനം ലഭിക്കണമെങ്കിൽ വലിയ ഒരു തുകയും അതിനനുസരിച്ചുള്ള ആഭരണങ്ങളും സ്ത്രീധനമായി കൊടുക്കണമെന്ന് ആഗ്രഹിക്കുന്ന സ്ത്രീകളുമുണ്ട്.

മനോഭാവത്തിലുള്ള മാറ്റത്തിന്നേ ഈ ചൂഷണത്തിന് അറുതിവരുത്താൻ സാധിക്കുകയുള്ളൂ. അതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ സജീവമാക്കണം. അതോടൊപ്പം നിയമം ഏട്ടിലൊതുങ്ങാതെ പ്രാവർത്തികമാക്കപ്പെടുകയും വേണം.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം

# ആരാണ് ഏറ്റവും നല്ലവൻ?

3

### 5. നന്മ പ്രതീക്ഷിക്കപ്പെടാവുന്നവനും നിർഭയത്വം നൽകുന്നവനും

അബൂഹുറയ്റ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "...നിങ്ങളിൽ ഏറ്റവും ഉത്തമൻ നന്മ പ്രതീക്ഷിക്കപ്പെടാവുന്നവനും തിന്മയിൽ നിർഭയത്വം നൽകുന്നവനുമാണ്" (തിർമിദി).

മുഹമ്മദ് നബി(ﷺ)യെയും അവിടുത്തെ അനുയായികളെയും വർഷങ്ങളോളം മാനസികവും ശാരീരികവുമായി പീഡിപ്പിച്ചവർക്ക് മക്കാവിജയനാളിൽ പ്രവാചകൻ(ﷺ) മാപ്പുനൽകിയത് ചരിത്ര പ്രസിദ്ധമാണ്.

കഅ്ബയുടെ സമീപത്തുനിന്നുകൊണ്ട് നബി(ﷺ) ന

ടത്തിയ പ്രഭാഷണം ഇപ്രകാരമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്:

"അല്ലയോ ജനങ്ങളേ, ജാഹിലിയ്യ കാലഘട്ടത്തിലെ എല്ലാ ദുസ്സ്വഭാവങ്ങളും അല്ലാഹു നിങ്ങളിൽ നിന്നും നീക്കിക്കളഞ്ഞിരിക്കുന്നു. ആളുകൾ രണ്ടുതരമാണ്. നന്മ ചെയ്യുന്നവനും ധർമനിഷ്ഠ (തക്വ)യുള്ളവനും അല്ലാഹുവിന്റെ അടുക്കൽ മാന്യനുമായവൻ. ദുസ്സ്വഭാവിയും ദൗർഭാഗ്യവാനും അല്ലാഹുവിന്റെ അടുക്കൽ മോശക്കാരനുമായിട്ടുള്ളവൻ. എല്ലാ ജനങ്ങളും ആദമിന്റെ മക്കളാണ്. മണ്ണിൽ നിന്നാണ് അല്ലാഹു ആദമിനെ സൃഷ്ടിച്ചത്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'ഹേ മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു(49:13)" (തിർമിദി).

ഇന്ന് നിങ്ങളുടെമേൽ പ്രതികാര നടപടികൾ ഒന്നുമില്ല എന്നു പറഞ്ഞ് നബിﷺ എല്ലാവർക്കും മാപ്പ് കൊടുത്തു.

പ്രവാചകനിﷺലെ നന്മ അവിടുത്തെ ശത്രുക്കൾ പോലും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഒരു സംഭവം കാണുക:

ഒരാൾ തന്റെ സ്നേഹിതനെ അന്വേഷിച്ചു വന്നു. വീടിന്റെ വാതിലിനുമുട്ടി. കൂട്ടുകാരനെ കണ്ട സ്നേഹിതൻ: 'ഇതെന്തുതോന്നി ഇങ്ങോട്ടൊന്നു വരാൻ?' ആഗതൻ: 'ഒരു നാനൂറു ദിർഹമിന്റെ അത്യാവശ്യമുണ്ട്.' അദ്ദേഹം സ്നേഹിതന് ആവശ്യമുള്ള പണം കൊടുത്ത് യാത്രയാക്കി. എന്നിട്ട് വീടിന്റെ അകത്തിരുന്ന് കരയാൻ തുടങ്ങി. അതുകണ്ട് ഭാര്യ ചോദിച്ചു: 'ഇത്ര വിഷമമാണെങ്കിൽ പിന്നെ എന്തിന് താങ്കൾ ആ പണം കൊടുത്തു?' ഭർത്താവ്: 'പണം കൊടുത്തതിന്നല്ല, അദ്ദേഹം ഇങ്ങോട്ട് വരുന്നതിനു മുമ്പ് അങ്ങോട്ട് ചെന്ന് ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞില്ലല്ലോ എന്ന ഖേദം കൊണ്ടാണ് ഞാൻ കരയുന്നത്' (ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്, ഉത്റുക് അഥറൻ കബ്ലർറഹീൽ).

വിശ്വാസിയിൽനിന്നുള്ള നന്മകൾ അടിച്ചുവീശുന്ന കാറ്റിനെപ്പോലെ എല്ലായിടങ്ങളിലും എത്തും. അത് മനുഷ്യർക്കും മൃഗങ്ങൾക്കുമൊക്കെ പ്രയോജനപ്രദമാകും. ഒരു ഉദാഹരണം കാണുക:

അബൂഹുറയ്റഃ നിവേദനം; തീർച്ചയായും നബിﷺ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "ഒരു മനുഷ്യന് യാത്രക്കിടയിൽ കഠിനമായ ദാഹം അനുഭവപ്പെട്ടു. വെള്ളം അന്വേഷിച്ചു വലഞ്ഞ അദ്ദേഹം ഒരു കിണറു കണ്ടെത്തി. അതിലിറങ്ങി വെള്ളം കുടിച്ചു തന്റെ ക്ഷീണം മാറ്റി. പുറത്തേക്ക് കയറിവന്നപ്പോൾ നാവുനീട്ടി നിൽക്കുന്ന ഒരു നായ! ദാഹിച്ചു പരവശനായി അത് നിലത്ത് മണ്ണ് നക്കുന്നു. തന്നെപ്പോലെ ഈ നായയും ദാഹിച്ചു വിഷമിക്കുകയാണല്ലോ. അയാൾക്ക് അതിനോട് അനുകമ്പ തോന്നി. വീണ്ടും കിണറ്റിൽ ഇറങ്ങി തന്റെ പാദരക്ഷയിൽ വെള്ളംകോരി അത് ചുണ്ടുകൊണ്ട് കടിച്ചുപിടിച്ചു കരുതലോടെ പുറത്തേക്കെത്തിച്ചു. നായയുടെ മുന്നിൽ അത് വെച്ചുകൊടുത്തു. ദാഹിച്ചുവലഞ്ഞ നായ ആർത്തിയോടെ ആ ജലം മുഴുവൻ കുടിച്ചുതീർത്തു. ഉന്മേഷം വീണ്ടെടുത്ത് അത് അതിന്റെ വഴിക്ക് പോയി. തന്റെ സൃഷ്ടിയോട് കരുണ കാണിച്ച ആ മനുഷ്യനുള്ള നന്ദിയായി അല്ലാഹു അയാളുടെ പാപങ്ങളെല്ലാം പൊറുത്തുകൊടുത്തു." സ്വഹാബികൾ ചോദിച്ചു: "അല്ലയോ പ്രവാചകരേ, ഈ മൃഗങ്ങളുടെ കാര്യത്തിലും നമുക്ക് പുണ്യമുണ്ടോ?" അവിടുന്ന് പറഞ്ഞു: "പച്ചക്കരളുള്ള എല്ലാത്തിലും നമുക്ക് പുണ്യമുണ്ട്" (ബുഖാരി).

തങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നന്മകൾ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കാതിരുന്നാൽ അതിന്റെ പേരിൽ നാളെ സ്രഷ്ടാവിന്റെ വിചാരണ നേരിടേണ്ടി വരുമെന്ന് ഭയപ്പെട്ട് ജീവിച്ചവരായിരുന്നു പ്രവാചകാനുചരന്മാർ.

ഖലീഫ ഉമർഃ പറഞ്ഞു: 'ഒരു ആട്ടിൻകുട്ടിയെങ്ങാനും യൂഫ്രട്ടീസിന്റെ തീരത്ത് വിശന്നുമരിക്കാൻ ഇടവന്നാൽ അതിന്റെ പേരിൽ ഉമർ വിചാരണ ചെയ്യപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു.'

രാത്രിയിൽ ഉമർഃ ഒരു വീട്ടിൽ കയറിയിറങ്ങുന്നത് ത്വൽഹഃയുടെ ശ്രദ്ധയിൽപെട്ടു. നേരം പുലർന്നപ്പോൾ എന്താണ് ആ വീട്ടിലെ വിശേഷമെന്നറിയാൻ ത്വൽഹഃയും അവിടെയൊന്നു കയറിനോക്കി. കണ്ണ് കണ്ടുകൂടാത്ത ഒരു കിഴവി അവിടെ ഒറ്റയ്ക്കു താമസിക്കുന്നു. 'ഒരാൾ രാത്രി ഇവിടെ വരുന്നത് കണ്ടുവല്ലോ?' സ്ത്രീയോട് ത്വൽഹഃ ചോദിച്ചു. 'അതെ, കുറെ കാലമായി അദ്ദേഹം ഇവിടെ വന്ന് എന്നെ ശു

ശ്രൂഷിക്കാറുണ്ട്. എനിക്കാവശ്യമുള്ളതെല്ലാം തരും. എന്റെ മാലിന്യങ്ങളെല്ലാം വൃത്തിയാക്കും.’ ഇതുകേട്ട ത്വൽഹؓ സ്തബ്ധനായി.

### 6. ഭാര്യയോട് ഏറ്റവും നല്ലനിലയിൽ പെരുമാറുന്നവൻ


അല്ലാഹു പറയുന്നു: “...അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്...” (ക്വുർആൻ 4:19).

ആഇശؓ നിവേദനം; അവർ പറഞ്ഞു: “നബിﷺ പറഞ്ഞിരിക്കുന്നു: ‘നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ കുടുംബത്തോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്” (തിർമിദി, ഇബ്നുമാജ).

ചരിത്രപ്രസിദ്ധമായ, നബിﷺയുടെ വിടവാങ്ങൾ പ്രസംഗത്തിൽ അവിടുന്ന് പറയുകയുണ്ടായി: “നിങ്ങൾ സ്ത്രീകളുടെ വിഷയത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവിനെ മുൻനിറുത്തി സംരക്ഷണം നൽകാമെന്ന കരാറിലാണ് നിങ്ങൾ അവരെ സ്വീകരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിലാണ് അവർ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾ വെറുക്കുന്ന ഒരാളെയും നിങ്ങളുടെ വിരിയിൽ ചവിട്ടിക്കാതെ നോക്കൽ അവർക്ക് നിങ്ങളോടുള്ള കടമകളിൽപെട്ടതാണ്. അവർ അത് ലംഘിക്കുന്നപക്ഷം അടയാളമോ, മുറിവോ, രക്തംപൊടിയലോ വരാത്തനിലയിൽ ശിക്ഷിക്കാവുന്നതാണ്. മാന്യമായ നിലയിൽ അവരുടെ ഭക്ഷണവും പാർപ്പിടവും വസ്ത്രവും നിങ്ങളുടെ ബാധ്യതയാണ്” (മുസ്‌ലിം).

തന്റെ ഇണയോട് ഏറ്റവും നല്ലനിലയിൽ വർത്തിക്കണമെന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നു. അവളുടെ കുറവുകളിൽ പൊരുത്തപ്പെട്ടും അവളിലെ ഗുണങ്ങളിൽ സംതൃപ്തിയടഞ്ഞും അവളെ സമീപിപ്പിക്കുന്നവനാകണം ഭർത്താവ്.

സ്ത്രീകളുടെ ജന്മനായുള്ള ദുർബലതയെ സൂചിപ്പിച്ച് നബിﷺ പറഞ്ഞതായി അബൂഹുറയ്റؓ നിവേദനം ചെയ്യുന്നു: “നിങ്ങൾ സ്ത്രീകളോട് നല്ലരൂപത്തിൽ വർത്തിക്കണമെന്ന് ഞാൻ ഉപദേശിക്കുന്നു. സ്ത്രീകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് വളഞ്ഞ വാരിയെല്ലിൽനിന്നാകുന്നു. വാരിയെല്ലുകളിൽ ഏറ്റവും വളവുള്ളത് മുകളിലുള്ളതാകുന്നു. നീ അത് നിവർത്താൻ പുറപ്പെട്ടാൽ പൊട്ടിച്ചുകളയലായിരിക്കും ഫലം. അപ്രകാരം വിട്ടാൽ വളഞ്ഞുകൊണ്ടേയിരിക്കും. അതിനാൽ നിങ്ങൾ സ്ത്രീകളോട് നല്ലനിലയിൽ വർത്തിക്കുക” (ബുഖാരി).



ഇമാം നവവി(റഹി) പറയുകയുണ്ടായി: “ഭാര്യമാരോട് ആർദ്രതയോടെയും കാരുണ്യത്തോടെയും വർത്തിക്കേണ്ടതുണ്ടെന്നും അവരുടെ മാനസികവും ശാരീരികവുമായ ചപലതകളും ദുർബലതകളും പരിഗണിച്ചുകൊണ്ടായിരിക്കണം അവരോട് ഇടപഴകേണ്ടതെന്നും അവരുടെ ചെറിയ ന്യൂനതകൾ വലുതായിക്കണ്ട് വിവാഹമോചനം പോലെയുള്ള കടുത്ത തീരുമാനങ്ങൾ എടുക്കരുതെന്നും അവരുടെ എല്ലാ കുറവുകളും ശക്തമായി പരിഹരിക്കാൻ പുറപ്പെട്ടാൽ വിവാഹബന്ധം മുറിയലായിരിക്കും ഫലമെന്നും ഉപദേശിക്കുകയാണ് നബിﷺ ചെയ്യുന്നത്.”

പ്രവാചകപത്നി ആഇശؓ ഒരിക്കൽ ഒരു പ്രത്യേക സന്ദർഭത്തിൽ കോപിഷ്ഠയായതും പ്രവാചകന്റെ കയ്യിലുള്ള പാത്രം തട്ടിമറിച്ചതും വീണുപൊട്ടിയ പാത്രം അൽപം പോലും ദേഷ്യപ്പെടാതെ അവിടുന്ന് പെറുക്കിക്കൂട്ടിയതുമായ സംഭവം പ്രവാചകശിഷ്യനായ അനസ്ؓ റിപ്പോർട്ട് ചെയ്തതായി കാണാം. ഒരു മാതൃകാഭർത്താവ് സമയവും സന്ദർഭവും മനസ്സിലാക്കി ക്ഷമയും കരുണയും കാണിക്കുന്നവനായിരിക്കണം എന്ന് ഈ സംഭവം വിശ്വാസികളെ പഠിപ്പിക്കുന്നുണ്ട്.

### 7. അഗതിക്ക് ഭക്ഷണം നൽകിയവൻ, സലാം മടക്കിയവൻ

സുഹൈബ് ഇബ്നു സിനാൻ അർറൂമിؓ നിവേദനം; നബിﷺ പറഞ്ഞു: “നിങ്ങളിൽ ഉത്തമൻ ഭക്ഷിപ്പിക്കുകയും സലാം മടക്കുകയും ചെയ്യുന്നവനാണ്” (സിൽസിലത്തുസ്സ്വഹീഹ).

അബ്ദുല്ലാഹിബ്നു അംറ്ﷺ നിവേദനം; ഒരാൾ നബിﷺയോട് ചോദിച്ചു: 'ഇസ്‌ലാമിലെ ഏത് കാര്യമാണ് (കൂടുതൽ) നന്മയായിട്ടുള്ളത്?' നബിﷺ പറഞ്ഞു: 'താങ്കൾ ഭക്ഷണം നൽകലും തങ്കൾക്ക് അറിയുന്നവരോടും അറിയാത്തവരോടും സലാം പറയലും' (ബുഖാരി).

വിശക്കുന്നവന് ഭക്ഷണം നൽകൽ വളരെ പുണ്യമുള്ള കാര്യമാണ്. ഒരാളുടെ പാപങ്ങൾ പൊറുക്കപ്പെട്ട് അയാളെ സ്വർഗ പ്രാപ്തിക്ക് കാരണമാക്കിയത് ദാഹിച്ചുവലഞ്ഞ നായക്ക് വെള്ളം കൊടുത്തു എന്ന കാരണത്താലാണെങ്കിൽ, അതിന്റെ പ്രാധാന്യം അത്രത്തോളമുണ്ട്! ആവശ്യമുള്ള ആർക്ക് ഭക്ഷണം നൽകിയാലും അത് വലിയ നന്മയാണ്. അത് പാവപ്പെട്ടവർക്കോ പണക്കാർക്കോ അതിഥിക്കോ ആയാലും കുടുംബത്തിനായാലും ശരി. ഏതു ജീവിക്കായാലും ഭക്ഷണംനൽകൽ പുണ്യമുള്ള കാര്യമാണ്.

പട്ടിണികിടക്കുന്ന അയൽവാസിയെ പരിഗണിക്കാതെ വയറുനിറക്കുന്നവൻ ആക്ഷേപാർഹനാണ്. അങ്ങനെയുള്ളവൻ നമ്മിൽപെട്ടവനല്ല എന്നാണ് അല്ലാഹുവിന്റെ തിരുദൂതർﷺ അരുളിയിട്ടുള്ളത്. സ്വന്തം കുടുംബത്തിന് ഭക്ഷണം നൽകുന്നത് പോലും ധർമമാണെന്ന് റസൂൽﷺ പഠിപ്പിച്ചിട്ടുണ്ട്.

ചില തെറ്റുകൾക്കുള്ള പ്രായച്ഛിത്തമായി സാധുക്കൾക്ക് ഭക്ഷണം ഇസ്‌ലാം കൽപിക്കുന്നു എന്നതും ഭക്ഷണം നൽകുന്നതിന്റെ മഹത്ത്വം മനസ്സിലാക്കിത്തരുന്നു.

അല്ലാഹു പറയുന്നു: "ആഹാരത്തോട് പ്രിയമുള്ളതോടൊപ്പംതന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല." (ക്വുർആൻ 76:8-9).

സ്വർഗം ലഭിക്കുന്ന വിഭാഗത്തെക്കുറിച്ച് പരാമർശിക്കവെ അവരുടെ വിശേഷണമായി അല്ലാഹു പറയുന്നത് കാണുക: "അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബബന്ധമുള്ള അനാഥയ്ക്ക്; അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്. പുറമെ, വിശ്വസിക്കുകയും ക്ഷമകൊണ്ടും കാരുണ്യംകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക. അങ്ങനെ ചെയ്യുന്നവരത്രെ വലതുപക്ഷക്കാർ" (ക്വുർആൻ 90:14-18).

സാധുവിന്റെ ഭക്ഷണകാര്യത്തിൽ താൽപര്യം കാണിക്കാത്തവരെ നിശിതമായി വിമർശിക്കുകയും അത്തരക്കാരെ മതത്തെ കളവാക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു ഇസ്‌ലാം!

"മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്. പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ." (ക്വുർആൻ 107:1-3).

"സാധുവിന് ഭക്ഷണം കൊടുക്കുവാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല." (ക്വുർആൻ 69:34).

"പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രോത്സാഹനം നൽകുന്നുമില്ല." (ക്വുർആൻ 89:18).

സ്വർഗപ്രവേശനത്തിന് കാരണമായിത്തീരുന്ന കർമമാണിതെന്ന് ഈ വചനങ്ങളിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കാം.

മുസ്‌ലിംകൾ തമ്മിൽ കണ്ടുമുട്ടിയാൽ സലാം പറയലും അത് മടക്കലും അവരുടെ ബാധ്യതയാണ്. വിശ്വാസികൾ തമ്മിൽ പരസ്പരം സ്നേഹമുണ്ടാകാൻ കാരണമാകുന്ന കാര്യമായി സലാം പറയലിനെ നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

സലാം പറയുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം നബിﷺ ഉണർത്തിയതായി കാണാം. അറിയുന്നവരോട് മാത്രമല്ല, അറിയാത്തവരോടും സലാം പറയണം എന്നതാണത്. പൊതുവെ പരിചയമുള്ളവരോട് മാത്രം സലാം പറയുന്ന സ്വഭാവമാണ് കൂടുതലായും കണ്ടുവരുന്നത്. അങ്ങനെയല്ല വേണ്ടത് എന്നാണ് നബിﷺ പഠിപ്പിക്കുന്നത്. ഇങ്ങോട്ട് സലാം പറഞ്ഞാൽ മറുപടി നൽകുന്ന കാര്യത്തിലും ആളെ നോക്കേണ്ടതില്ല. സലാം പറയൽ ഒരു അഭിവാദ്യം മാത്രമല്ല, ഒരു പ്രാർഥനകൂടിയാണ്. പരിചയമില്ലാത്തവർക്കുവേണ്ടി പോലും പ്രാർഥിക്കുന്ന സ്നേഹം നിറഞ്ഞ മനസ്സിന്റെ ഉടമകളായിരിക്കണം മുസ്‌ലിംകൾ എന്നർഥം!

അബ്ദുല്ലാഹിബ്നു സലാംﷺ നിവേദനം; നബിﷺ പറഞ്ഞു: "അല്ലയോ ജനങ്ങളേ, നിങ്ങൾ സലാം പറയൽ വ്യാപിപ്പിക്കുക, ഭക്ഷണം നൽകുക, കുടുംബബന്ധം ചേർക്കുക, ജനങ്ങൾ ഉറങ്ങിക്കിടക്കുന്ന രാത്രിയിൽ നിങ്ങൾ നമസ്കരിക്കുക. നിങ്ങൾക്ക് സമാധാനത്തോടെ സ്വർഗത്തിൽ പ്രവേശിക്കാം" (ഇബ്നുമാജ).

**(തുടരും)**



കവർ സ്റ്റോറി

# സ്ത്രീധനം

## പോരാളികളെവിടെ? നിയമമെവിടെ?

**ശാന്തസുന്ദരകേരകേദാരമെന്ന് സ്വയമവകാശപ്പെടുമ്പോഴും സ്ത്രീധന ഗാർഹിക പീഡന കണക്കിൽ അഗ്രമ സ്ഥാനത്താണ് കേരളം. സ്ത്രീധനത്തിൽ നിന്നും കേരളത്തെ സംരക്ഷിക്കാൻ പുരുഷ കേന്ദ്രീകൃത അധികാര വ്യവസ്ഥിതിക്ക് ആത്മാർഥതയില്ലെന്ന് മാത്രമല്ല, ഈ ദുരാചാരം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതാണ് അതിന്റെ ഘടനാപരമായ സവിശേഷത എന്നുകൂടി മനസ്സിലാക്കുമ്പോഴെ നാമെത്തിനിൽക്കുന്ന അപകടത്തിന്റെ ആഴം ബോധ്യപ്പെടൂ.**

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

സ്ത്രീധന മരണങ്ങളുടെ കദനകഥകൾ കേട്ടാണ് കഴിഞ്ഞ ദിവസങ്ങളിൽ കേരളം ഉണർന്നത്. സാക്ഷരതയും വിദ്യാഭ്യാസവും രാഷ്ട്രീയ പ്രബുദ്ധതയും മതാഭിമുഖ്യവുമെല്ലാം പൂത്തുലഞ്ഞുനിൽക്കുന്നുവെന്ന് സ്വയം അഭിമാനിക്കുന്ന 'ശാന്തസുന്ദരകേരകേദാര' മലയാളനാട് നാണംകെട്ട് തലയുയർത്താൻ സാധിക്കാത്തവിധം അപമാനത്തിന്റെ ഭാണ്ഡം പേറുകയാണ്. എല്ലാമുണ്ടെന്ന് പറയുമ്പോഴും ഉയർന്ന സാംസ്കാ

രിക ചിന്തകളോട് പുറംതിരിഞ്ഞു നിൽക്കുകയാണ് കേരളം. മലയാളിയുടെ പുറത്തേക്ക് കാണിക്കുന്ന പ്രൗഢികളെല്ലാം കേവലം കാപട്യവും പൊങ്ങച്ചവും കബളിപ്പിക്കലും മാത്രമാണെന്ന് ബോധ്യപ്പെടുത്തുന്ന സംഭവങ്ങളാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഒരറ്റത്ത് പുരുഷമേധാവിത്വം കൊലക്കയറുകൾ തീർത്തുകൊണ്ടിരിക്കുമ്പോൾ മറ്റേ അറ്റത്ത് അലങ്കാര വിഭൂഷിതയായ 'സ്ത്രീവിമോചനം' മൗനമഭിനയിക്കുകയാണ്. എണ്ണിയാൽ തീരാത്ത സാംസ്കാരികനായകരും അസംഖ്യം മത, ധാർമിക പ്രസ്ഥാനങ്ങളും നവോത്ഥാനസംരംഭങ്ങളും ഭരണ, ഉദ്യോഗസ്ഥ സംവിധാനങ്ങളുമെല്ലാം നിറഞ്ഞുനിൽക്കുന്ന സംസ്ഥാനം പണത്തിന്റെയും പവറിന്റെയും നീരാളിപ്പിടുത്തത്തിലാണ്. സ്ത്രീധനത്തിന്റെ പേരിൽ ജീവിതം അവസാനിപ്പിക്കുന്ന സഹോദരിമാരുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കുകയാണ്. ഒരു ചെറിയ സ്ത്രീവിരുദ്ധ പരാമർശത്തിനുപോലും വലിയ പ്രസ്താവനകളുമായി വരുന്ന 'സ്ത്രീവിമോചന' കൂട്ടങ്ങൾ സ്ത്രീധനത്തിനും ആഭരണഭ്രമങ്ങൾക്കും വിവാഹധൂർത്തുകൾക്കുമെതിരെ സംസാരിക്കാൻ ധൈര്യം കാണിക്കുന്നില്ല.

### സ്ത്രീധന പീഡനം; കേരളം ഒന്നാം സ്ഥാനത്ത്

സ്ത്രീധന ഗാർഹിക പീഡനങ്ങളുടെ കണക്കിൽ കേരളമാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്. ഒരു ലക്ഷത്തോളം കേസുകൾ കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ഉത്രയും വിസ്മയയും മാധ്യമങ്ങളിൽ ചർച്ചയാവുമ്പോൾമാത്രം സജീവമാകും. മാധ്യമങ്ങളുടെ 'ആഘോഷങ്ങൾ' കഴിഞ്ഞാൽ അവയെല്ലാം തുരുമ്പ് പിടിക്കും. സ്ത്രീധനം എന്ന ദുരാചാരത്തിൽനിന്നും കേരളത്തെ സംരക്ഷിക്കാൻ പുരുഷകേന്ദ്രീകൃത അധികാര വ്യവസ്ഥിതിക്ക് ആത്മാർഥതയില്ലെന്ന് മാത്രമല്ല, സ്ത്രീധന ദുരാചാരം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതാണ് പ്രസ്തുത വ്യവസ്ഥിതിയുടെ ഘടനാപരമായ സവിശേഷത എന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. സതി, ബാലവിവാഹം, ദേവദാസി തുടങ്ങിയ സമ്പ്രദായങ്ങൾക്ക് പണവുമായി നേരിട്ട് ബന്ധമില്ലാതിരുന്നതുകൊണ്ട് അവ പൂർണമായും ഇല്ലാതാക്കുവാൻ വലിയ പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ സതി കാരണത്താൽ ജീവൻ അവസാനിപ്പിച്ച സ്ത്രീകളെക്കാൾ കൂടുതൽ സ്ത്രീകൾ സ്ത്രീധനം കാരണം ജീവനൊടുക്കിയിട്ടുണ്ടാവണം. എന്നിട്ടും സതി അടക്കമുള്ള ദുരാചാരങ്ങൾ തുടച്ചുമാറ്റിയ സമൂഹത്തിന് സ്ത്രീധനത്തെ തുടച്ചുമാറ്റാൻ സാധിക്കുന്നില്ല. അതിന്റെയർഥം സ്ത്രീധനം എന്ന ദുരാചാരം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു പ്രബലവിഭാഗം കേരളത്തിലുണ്ട് എന്നാണ്.

### വിവാഹക്കമ്പോളത്തിലെ കണ്ണികൾ

ഏതാണീ പ്രബലവിഭാഗം? കൂടുതൽ ചിന്തിക്കേണ്ടതില്ല. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന മുഴുവൻ സാമ്പത്തിക തട്ടിപ്പുകളും മാഫിയ പ്രവർത്തനങ്ങളും ആരാണോ നിയന്ത്രിക്കുന്നത് അവർ തന്നെയാണ് ഈ പ്രബലവിഭാഗം. പണം, സ്വർണം, ആഭരണങ്ങൾ, വിലപിടിപ്പുള്ള കാറുകൾ തുടങ്ങിയ ഇനങ്ങളാണല്ലോ സ്ത്രീധനത്തിന്റെ സാമ്പ്രദായികമായ അവിഭാജ്യഘടകങ്ങൾ. ഇത്ര ലക്ഷം, അല്ലെങ്കിൽ കോടി, ഇത്ര പവൻ സ്വർണം, ഇത്ര രൂപ വിലവരുന്ന കാർ എന്നിങ്ങനെ കണക്കുകൾ പറയുന്നതാണ് വിവാഹാലോചന തുടങ്ങുന്ന നാളുതൊട്ട് കേൾക്കുന്ന പതിവു വർത്തമാനങ്ങൾ. വലിയ കോടീശ്വരന്മാരല്ലാത്ത, മധ്യവർഗക്കാരും ഇടത്തരക്കാരുമായ കുടുംബങ്ങളും പാവപ്പെട്ടവരും സ്ത്രീധനലക്ഷങ്ങൾ സ്വരൂപിക്കുന്നത് നേരത്തെ സൂക്ഷിച്ചുവെച്ച ബാങ്ക് ബാലൻസിലൂടെയോ മറ്റു സമ്പാദ്യങ്ങളിലൂടെയോ ഒന്നുമല്ല. മഹാഭൂരിഭാഗം കുടുംബങ്ങളും സമീപിക്കുന്നത് ബാ

> **സ്ത്രീധന ഗാർഹിക പീഡനങ്ങളുടെ കണക്കിൽ കേരളമാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്. ഒരു ലക്ഷത്തോളം കേസുകൾ കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ഉത്രയും വിസ്മയയും മാധ്യമങ്ങളിൽ ചർച്ചയാവുമ്പോൾ മാത്രം സജീവമാകും. മാധ്യമങ്ങളുടെ 'ആഘോഷങ്ങൾ' കഴിഞ്ഞാൽ അവയെല്ലാം തുരുമ്പ് പിടിക്കും. സ്ത്രീധനം എന്ന ദുരാചാരത്തിൽ നിന്നും കേരളത്തെ സംരക്ഷിക്കാൻ പുരുഷ കേന്ദ്രീകൃത അധികാര വ്യവസ്ഥിതിക്ക് ആത്മാർഥതയില്ലെന്ന് മാത്രമല്ല, സ്ത്രീധന ദുരാചാരം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതാണ് പ്രസ്തുത വ്യവസ്ഥിതിയുടെ ഘടനാപരമായ സവിശേഷത എന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്.**

ങ്കുകൾ, കൊള്ളപ്പലിശക്കാർ എന്നിവരെയാണ്. കുടുംബത്തിന്റെ ഭൂസ്വത്തുക്കൾ വിറ്റുകൊണ്ടാണ് ലക്ഷങ്ങൾ സ്വരൂപിക്കുന്നതെങ്കിൽ റിയൽ എസ്റ്റേറ്റ് മാഫിയകളുടെ ഇരകളായിത്തീരാനാണ് അവരുടെ വിധി. ആഭരണങ്ങളുടെ കാര്യമോ? പ്രത്യേകിച്ചു പറയേണ്ടതില്ല! കേരളത്തിന്റെ ഒരറ്റം മുതൽ മറ്റൊരറ്റംവരെ വ്യാപിച്ചുകിടക്കുന്ന സ്വർണ വ്യാപാര ശൃംഖലകൾ വിവാഹ മാർക്കറ്റിനു പ്രത്യേകം സ്‌കീമുകളും ഓഫറുകളും നൽകുന്നു. ദൃശ്യ, അച്ചടി, സമൂഹ മാധ്യമങ്ങൾ സ്വർണക്കുത്തകകളുടെ പരസ്യഏജന്റുകളായി വർത്തിക്കുന്നു. സാധാരണക്കാരന്റെ ഹൃദയത്തിലേക്ക് ജ്വല്ലറികളുടെ മഞ്ഞവർണങ്ങൾ വിതറുന്നത് മാധ്യമങ്ങളാണല്ലോ. നാട്ടിൽ തഴച്ചുവളരുന്ന ടെക്സ്റ്റയിൽ വ്യാപാരവും വാഹനക്കമ്പനികളും വിവാഹക്കമ്പോളത്തിലെ സുപ്രധാന കണ്ണികളാണ്.

### സ്ത്രീധനം ഒരു സ്റ്റാറ്റസ് സിമ്പലോ?

സംസ്ഥാനത്തെ വാണിജ്യമേഖലയുടെ സുപ്രധാനകണ്ണികളാണ് മുകളിൽ പരാമർശിക്കപ്പെട്ടത്. ഇവരുടെയെല്ലാം കച്ചവടം കൊഴുക്കുന്നത് വിവാഹക്കാലങ്ങളിലാണ്. സ്ത്രീധനം നിലനിൽക്കുക ഇവരുടെയെല്ലാവരുടെയും ആവശ്യമാണ്. ഇവരിലും ജനങ്ങൾക്ക് സേവനം ചെയ്യുന്നവരും സ്ത്രീധനത്തെ പ്രോത്സാഹിപ്പിക്കാത്തവരുമെല്ലാം അപൂർവമായുണ്ട് എന്നത് വിസ്മരിക്കുന്നില്ല. സ്ത്രീധനത്തിനെതിരെ നടക്കുന്ന ബോധവൽക്കരണങ്ങളെക്കാൾ കൂടുതൽ സ്ത്രീധനത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങളും ബിസിനസ് പ്രചാരണങ്ങളും കേരളത്തിൽ നടക്കുന്നുണ്ട് എന്ന് നാം കാണാതെപോകുന്നു. ഔദ്യോഗികമായി നേരിട്ടുള്ള പ്രചാരണം സാധ്യമല്ലെങ്കിലും ജനഹൃദയങ്ങളെ കീഴടക്കി സ്ത്രീധനത്തിലേക്ക് അവരെ വലിച്ചിഴച്ചുകൊണ്ടുവരാൻ ഇവർക്കെല്ലാം സാധിക്കുന്നു എന്നതാണ് വാസ്തവം. സ്ത്രീധനത്തെ ഒരു പദവിചിഹ്നമായി (Status Symbol) രൂപപ്പെടുത്തുവാൻ ഈ കൂട്ടുകെട്ടിന് സാധിക്കുന്നു എന്നതുകൊണ്ടാണ് മിക്കവാറും കുടുംബങ്ങളിൽ ഇന്നും സ്ത്രീധനം നിലനിൽക്കുന്നത്. സ്ത്രീധനത്തിനെതിരെ നിയമമെല്ലാം നിലനിൽക്കുന്നുണ്ടെങ്കിലും നിയമം ഉപയോഗിക്കുന്ന കാര്യത്തിൽ ആർക്കും ആത്മാർഥതയില്ല. സ്ത്രീധനം ഇല്ലാതാവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽനിന്നും സർക്കാരുകളും ഉദ്യോഗസ്ഥവൃന്ദവും പൊതുസമൂഹവും സൗകര്യപൂർവം രക്ഷപ്പെടുകയാണ്. സ്ത്രീധനം ഇല്ലാതാവാനുള്ള സാഹചര്യം സൃഷ്ടിക്കാതെയും നിയമങ്ങൾ ഉപയോഗിക്കാതെയും എങ്ങനെയാണ് കേരളത്തെ സ്ത്രീധനത്തിന്റെ പിടിയിൽനിന്നും സംരക്ഷിക്കാൻ സാധിക്കുക?

### സ്ത്രീധന ഇടപാടിന്റെ അടിസ്ഥാനം

വിവാഹസമയത്ത് സ്ത്രീ നിർബന്ധമായും പുരുഷന് നൽകേണ്ട ബാധ്യതാധനമാണ് സ്ത്രീധനം. എന്നാൽ ഈ ഇടപാടിനെ ധനതത്ത്വശാസ്ത്രത്തിലെ ഏതിനത്തിലാണ് പെടുത്താൻ സാധിക്കുക? 'സമ്മാനം' (Gift) എന്നാണ് ചിലർ പറയാറുള്ളത്. എന്നാൽ വിവാഹം മോചനത്തിൽ കലാശിക്കുകയാണെങ്കിൽ കൊടുത്ത സ്ത്രീധനം തിരിച്ചുചോദിക്കുകയും ചെയ്യുന്നു. അപ്പോൾ അതെങ്ങനെ സമ്മാനമായി മാറും? നിർബന്ധം ചെലുത്തി പിടിച്ചുവാങ്ങുന്നതിനെ സമ്മാനം എന്നുവിളിക്കാൻ സാധിക്കില്ലല്ലോ! പിന്നെ അത് കടമാണോ? കടം (Debt) ആണെങ്കിൽ അത് നിർബന്ധമായും തിരിച്ചുനൽകേണ്ടതുണ്ട്. എന്നാൽ സ്ത്രീധനം ആരും തിരിച്ചുകൊടുക്കാറില്ല. അപ്പോൾ അത് കടവുമല്ല. സഹായധനം (Chartiy) ആണോ? വിവാഹം കഴിച്ച് ചെലവ് പുലർത്താൻ സാധിക്കാത്ത ഒരു പുരുഷന് സ്ത്രീ നൽകുന്ന സഹായമാണ് സ്ത്രീധനമെങ്കിൽ സഹായധനം പിടിച്ചുവാങ്ങേണ്ട ഒന്നാണോ



എന്ന ചോദ്യം പ്രസക്തമാവുകയാണ്. സ്ത്രീധനം കൊടുത്ത് പുരുഷനെ വിലയ്ക്കുവാങ്ങുന്ന ഒരു വിൽപനയാണോ (Vending) അവിടെ നടക്കുന്നത്? അങ്ങനെയെങ്കിൽ അവിടെ പുരുഷൻ അടിമയായിത്തീരുകയല്ലേ വേണ്ടത്? ഉൽപന്നമായ പുരുഷന് അവിടെ മേധാവിത്വം ലഭിക്കുകയും ഉടമയായ സ്ത്രീ അടിച്ചമർത്തപ്പെടുകയും ചെയ്യുന്നതെങ്ങനെ? ചുരുക്കിപ്പറഞ്ഞാൽ സ്ത്രീധനം എന്ന ഇടപാടിനെ ഏതിനത്തിൽ പെടുത്താം എന്നതിനെ കുറിച്ച് ആർക്കും ഒരു തിട്ടവുമില്ല എന്നതാണ് യാഥാർഥ്യം. ഇതിന് ഉത്തരം പറയേണ്ടത് ധനതത്ത്വശാസ്ത്രജ്ഞരും രാഷ്ട്രീയ മീമാംസകരും വിവിധ മതങ്ങളിലെ പണ്ഡിതരുമാണ്. ഇതുവരെയും ഒരു നിർവചനം നൽകാൻ സാധിക്കാതെ ഒരു സമസ്യയായി അവശേഷിക്കുകയാണ് സ്ത്രീധനം.

## സ്ത്രീധനവും ഭാരതീയ സമൂഹവും

ഭാരതീയ സമൂഹത്തിൽ പണ്ടുമുതലേ വേരുറച്ച ഒരു ദുരാചാരമാണ് സ്ത്രീധനം. സെമിറ്റിക് മതസമൂഹങ്ങളിൽ ഇത്തരത്തിലുള്ള ആചാരങ്ങൾ കാണാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ അവിഭക്ത ഇന്ത്യയിൽ നിലനിന്നിരുന്ന ഒരു ആചാരമായിട്ടാണ് ഇതിനെ കണക്കാക്കുന്നത്. ഹൈന്ദവ സമൂഹത്തിൽ ഇതുമായി ബന്ധപ്പെട്ട ഒട്ടേറെ അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. ചില പ്രായോഗിക പ്രശ്നങ്ങൾ അത്തരമൊരു നിലപാടിലേക്ക് ഹൈന്ദവസമൂഹത്തെ കൊണ്ടുപോവുകയായിരുന്നു എന്ന് നിരീക്ഷിക്കുന്നവരും ഉണ്ട്. ഐശ്വര്യത്തിന്റെ വാതിലാണ് സ്ത്രീ, അതുകൊണ്ട് അവൾ ഒരു വീട്ടിലേക്ക് കടന്നുവരുമ്പോൾ 'സമ്മാനങ്ങളുമായി' കടന്നുവരണം എന്ന വിശ്വാസമാണ് സ്ത്രീധന സമ്പ്രദായത്തിലേക്ക് നയിച്ചത് എന്നാണ് ഒരു വിവക്ഷ. അങ്ങനെ സ്നേഹവാത്സല്യങ്ങളുടെ ഭാഗമായി വധുവിന് നൽകപ്പെട്ട സമ്മാനത്തെയായിരുന്നു പഴയകാലങ്ങളിൽ സ്ത്രീധനം എന്നു വിളിച്ചിരുന്നത്. പഴയകാലങ്ങളിലെ ഹൈന്ദവ നിയമമനുസരിച്ച് പെൺകുട്ടികൾക്ക് പിതാവിന്റെ അനന്തരസ്വത്തിൽ അവകാശമില്ലാതിരുന്നതും സമ്മാനങ്ങൾ നൽകുന്നതിനുള്ള ന്യായീകരണമായി. വിദ്യാഭ്യാസമോ തൊഴിലോ നേടുന്നതിൽ പെൺകുട്ടികൾ പിറകിലായിരുന്നതുകൊണ്ട് അവരെ സാമ്പത്തികമായി സ്വതന്ത്രരാക്കാനുള്ള ഒരു പദ്ധതിയായി അത് വ്യാഖ്യാനിക്കപ്പെട്ടു. എന്നാൽ കാലങ്ങൾ പിന്നിട്ടപ്പോൾ രക്ഷിതാവ് സ്വന്തം മകൾക്ക് നൽകുന്ന പാരിതോഷികം എന്നതിൽനിന്നും മാറി വരനോ വരന്റെ രക്ഷിതാവോ വധുവിന്റെ രക്ഷിതാവിന്റെമേൽ അടിച്ചേൽപിക്കുന്ന അവകാശമായി അതുമാറി. അങ്ങനെ അതൊരു പിടിച്ചുപറിയായി മാറി. നിർധനരും സാധാരണക്കാരുമായ കുടുംബങ്ങൾക്ക് അതൊരു ശാപമായി മാറി. 'പാരിതോഷികത്തുക' കുറഞ്ഞതിന്റെ പേരിൽ പെൺകുട്ടികൾക്ക് അവരുടെ ഭർതൃവീട് നരകതുല്യമായി മാറുകയും ചെയ്തു.

> **ഭാരതീയ സമൂഹത്തിൽ പണ്ടുമുതലേ വേരുറച്ച ഒരു ദുരാചാരമാണ് സ്ത്രീധനം. സെമിറ്റിക് മതസമൂഹങ്ങളിൽ ഇത്തരത്തിലുള്ള ആചാരങ്ങൾ കാണാൻ സാധിക്കില്ല. അതുകൊണ്ടു തന്നെ അവിഭക്ത ഇന്ത്യയിൽ മാത്രം നിലനിന്നിരുന്ന ഒരു ആചാരമായിട്ടാണ് ഇതിനെ കണക്കാക്കുന്നത്. ഹൈന്ദവ സമൂഹത്തിൽ ഇതുമായി ബന്ധപ്പെട്ട ഒട്ടേറെ അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. ചില പ്രായോഗിക പ്രശ്നങ്ങൾ അത്തരമൊരു നിലപാടിലേക്ക് ഹൈന്ദവ സമൂഹത്തെ കൊണ്ടുപോവുകയായിരുന്നു എന്ന് നിരീക്ഷിക്കുന്നവരും ഉണ്ട്. ഐശ്വര്യത്തിന്റെ വാതിലാണ് സ്ത്രീയെന്നും അതുകൊണ്ട് അവൾ ഒരു വീട്ടിലേക്ക് കടന്നുവരുമ്പോൾ 'സമ്മാനങ്ങളുമായി' കടന്നുവരണം എന്ന വിശ്വാസമാണ് സ്ത്രീധന സമ്പ്രദായത്തിലേക്ക് നയിച്ചത് എന്നാണ് ഒരു വിവക്ഷ.**

## സ്ത്രീധനത്തിന്റെ മർമം സ്ത്രീ വിരുദ്ധതയിൽ

സ്ത്രീ സ്വത്തവകാശമില്ലാത്തവളും വിദ്യാഭ്യാസമോ തൊഴിലോ നേടേണ്ടതില്ലാത്തവളും അസ്വതന്ത്രയുമാണെന്ന വികലമായ കാഴ്ചപ്പാടുകളാണ് 'വിവാഹസമ്മാന'ത്തിലേക്ക് നയിച്ചത് എന്ന വസ്തുതയാണ് ഇതിൽ നിന്നും ബോധ്യപ്പെടുന്നത്. എന്നാൽ അങ്ങനെ നൽകുന്ന വിവാഹസമ്മാനത്തിന്റെ പൂർണമായ ഉടമസ്ഥാവകാശം അവൾക്കുമാത്രം നൽകാൻ പുരുഷകേന്ദ്രീകൃത ഭാരതീയ വ്യവസ്ഥക്ക് സാധിച്ചതുമില്ല. സ്വത്തും സമ്പത്തും കൈകാര്യം ചെയ്യേണ്ടത് പുരുഷൻ മാത്രമാണെന്ന ധാരണയായിരുന്നു പഴയകാലങ്ങളിൽ നിലനിന്നിരുന്നത്. അതുകൊണ്ട് സ്ത്രീധനം എന്ന വിവാഹ

സമ്മാനം അവളുടെ ഭർത്താവാണ് കൈകാര്യം ചെയ്യേണ്ടത് എന്ന നിലയിലേക്ക് കാര്യങ്ങൾ വളർന്നു. ഇതെല്ലാം മനുഷ്യർ സ്വയം സൃഷ്ടിച്ചെടുത്ത നിയമങ്ങളായിരുന്നു. ദൈവികഗ്രന്ഥത്തിൽ 'സ്ത്രീകൾക്ക് ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്' (ക്വുർആൻ 2:228) എന്നാണ് വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. സ്ത്രീയുടെ സ്വത്ത് കൈകാര്യം ചെയ്യാനുള്ള പൂർണാവകാശം സ്ത്രീക്ക് തന്നെയാണുള്ളത്. വിവാഹസമയത്ത് പുരുഷൻ നൽകുന്ന വിവാഹമൂല്യം (മഹ്ർ) അത് നൽകപ്പെടുന്നതോടെ സ്ത്രീയുടെ അധീനതയിലായിക്കഴിഞ്ഞു. അവൾ സ്വയം തൃപ്തിപ്പെട്ട് മടക്കിത്തന്നാൽ സ്വീകരിക്കാമെന്നല്ലാതെ വിവാഹമോചനത്തിന് ശേഷം പോലും അത് മടക്കിച്ചോദിക്കാനുള്ള അവകാശം പുരുഷന് സ്രഷ്ടാവ് നൽകിയിട്ടില്ല.

## സ്ത്രീധനവും മുസ്‌ലിം സമുദായവും

അവിഭക്ത ഇന്ത്യയുടെ ഭാഗമായ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലെ ഒരു ദുരാചാരമായതുകൊണ്ടുതന്നെ ഹൈന്ദവവിഭാഗങ്ങളെപോലെത്തന്നെ ഈ രാജ്യങ്ങളിലെ മുസ്‌ലിം, ക്രിസ്ത്യൻ വിഭാഗങ്ങളിലെ ഒരു വലിയ വിഭാഗവും ഈ ദുരാചാരം പിന്തുടർന്നുപോന്നു. അതോടെ വിവാഹം എല്ലാ വിഭാഗങ്ങൾക്കും വലിയ സാമ്പത്തിക ഭാരമായി മാറി. എന്നാൽ ദൈവിക നിയമമനുസരിച്ച് വിവാഹം വളരെ ലളിതമാണ്. രണ്ടു സാക്ഷികൾക്ക് മുമ്പാകെ വധുവിന്റെ രക്ഷിതാവ് മകളെ വരന് വിവാഹം ചെയ്തുകൊടുത്തതായി പരസ്യമായി പ്രഖ്യാപിക്കുകയും വരൻ അത് അംഗീകരിക്കുകയും ചെയ്തുകഴിഞ്ഞാൽ വിവാഹം ഒരു കരാറായി മാറി. സാധിക്കുന്ന എന്തെങ്കിലും വിവാഹമൂല്യമായി നൽകുകയും വേണം. മഹ്‌റായി ഒന്നും ലഭിച്ചില്ലെങ്കിൽ ഒരു ഇരുമ്പുമോതിരമെങ്കിലും അന്വേഷിക്കുവാനും അതും ലഭിച്ചില്ലെങ്കിൽ ക്വുർആനിൽനിന്ന് അൽപം പഠിപ്പിച്ചുകൊടുക്കുവാനുമാണ് പ്രവാചകൻﷺ നിർദേശിച്ചത്. പുരുഷൻ സ്ത്രീയുടെ സംരക്ഷണം ഏറ്റെടുക്കലാണ് വിവാഹം. പരസ്പരം കവചങ്ങളായി ജീവിതാന്ത്യംവരെ സ്നേഹവും കാരുണ്യവും പകുത്തുനൽകി മനസ്സമാധാനത്തിന്റെ തുരുത്തിൽ കഴിയുക എന്നതാണ് അനുഗൃഹീതമായ വിവാഹജീവിതം.

## മുജാഹിദുകൾ നിർവഹിച്ച രചനാത്മക വിപ്ലവം

പക്ഷേ, മുസ്‌ലിം സമുദായത്തിലെ പൗരോഹിത്യം സ്ത്രീധനത്തെ നിരുത്സാഹപ്പെടുത്താനോ അതിൽനിന്നും സമുദായത്തെ സംരക്ഷിക്കാനോ മുമ്പോട്ടുവന്നില്ല. ചൂഷണങ്ങൾക്ക് ഫത്‌വ നൽകാനായിരുന്നു അവർ വെമ്പൽകൊണ്ടത്. മുജാഹിദ് പ്രസ്ഥാനമാണ് സ്ത്രീധനത്തിനെതിരെ മുസ്‌ലിം സമുദായത്തെ ബോധവത്കരിക്കാൻ മുന്നിൽ നിന്നു പ്രവർത്തിച്ചത്. സ്ത്രീധനമില്ലാത്തതും ആർഭാടരഹിതവുമായ വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും അവക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയും പ്രത്യേകമായ സംഘടനാ സംവിധാനം രൂപീകരിച്ചു. 1980 മെയ് 10ന് 'ബോർഡ് ഓഫ് ഇസ്‌ലാമിക് സർവീസ് ആൻഡ് മിഷിനറി ഇൻഫർമേഷൻ' (BISMI) എന്ന സമിതി അങ്ങനെയാണ് രൂപം കൊണ്ടത്. ഇട്ടോളി അഹ്മദ് കോയ ഹാജിയുടെയും ഒ. കുഞ്ഞിമുഹമ്മദ് സാഹിബിന്റെയും നേതൃത്വത്തിലാണ് അത് പ്രവർത്തിച്ചുവന്നത്. 'സ്ത്രീധനം അനിസ്‌ലാമികം, വാങ്ങരുത്, പ്രോത്സാഹിപ്പിക്കരുത്' എന്ന ക്യാപ്ഷൻ സ്വീകരിച്ചുകൊണ്ടാണ് 'ബിസ്മി' പ്രവർത്തിച്ചുവന്നത്. ഒരു സാമൂഹ്യ ദുരാചാരത്തിനെതിരെയുള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് മുസ്‌ലിം സമുദായത്തിൽനിന്നും വലിയ പിന്തുണയാണ് ലഭിച്ചത്.

വിവാഹം ഒരു കച്ചവടമല്ലെന്നും സ്ത്രീധനവും ആർഭാടവും മറ്റു മാമൂലുകളും ഇസ്‌ലാമിനോട് യോജിക്കുന്ന പ്രവർത്തനങ്ങളല്ലെന്നും വിവാഹം



വളരെ ലളിതമായി നിർവഹിക്കപ്പെടേണ്ട കർമമാണെന്നും മുജാഹിദ് പ്രസ്ഥാനം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. വിദ്യാർഥി സമ്മേളനങ്ങൾ സ്ത്രീധന വിരുദ്ധ പ്രതിജ്ഞയുടെ കേന്ദ്രങ്ങളായി. സമൂഹ വിവാഹങ്ങൾ സംഘടിപ്പിച്ച് സമുദായത്തിൽ വിവാഹ ലാളിത്യങ്ങൾ പ്രചരിപ്പിച്ചു. വിവാഹധൂർത്തുകൾ ഒഴിവാക്കുന്നതിന് വേണ്ടി സായാഹ്ന വിവാഹങ്ങൾ പ്രോത്സാഹിപ്പിച്ചു. ആഭരണഭ്രമത്തിൽനിന്ന് സ്ത്രീസമൂഹത്തെ മോചിപ്പിക്കുന്നതിനായി ഒട്ടേറെ ഉദ്ബോധന പരിപാടികൾ സംഘടിപ്പിക്കുകയും തൽഫലമായി ഇസ്‌ലാഹി വനിതകൾ ആഭരണങ്ങൾ അമിതമായി ധരിക്കുന്നതിൽനിന്നും സൂക്ഷിക്കുന്നതിൽനിന്നും മാറിനിൽക്കുകയും ചെയ്തു. പിശുക്കിനും ധൂർത്തിനുമിടയിലെ മധ്യമാവസ്ഥ സ്വീകരിച്ച് ലാളിത്യം ജീവിതശൈലിയായി സ്വീകരിക്കാൻ പണ്ഡിതന്മാർ ഉദ്ബോധിപ്പിച്ചു.

വിവാഹകർമമെന്നത് മതപുരോഹിതന്റെ അന്ധമായ കാർമികത്വത്തിൽ നടത്തപ്പെടുന്ന യാന്ത്രിക പ്രവർത്തനമല്ല എന്നും പൗരോഹിത്യ ചൂഷണങ്ങളിൽനിന്നും വിവാഹങ്ങളെ സംരക്ഷിക്കേണ്ടതുണ്ടെന്നും 'ബിസ്മി' ഉണർത്തി. സ്ത്രീധനം അനുവദനീയമാണെന്ന് സ്ഥാപിക്കാൻ പ്രമാണങ്ങൾവരെ ഉദ്ധരിക്കാൻ ശ്രമിച്ച പൗരോഹിത്യം ഇന്ന് സ്ത്രീധനത്തിനെതിരെ ശബ്ദിക്കാൻ തുടങ്ങിയിരിക്കുന്നു എന്നത് സന്തോഷം നൽകുന്ന കാര്യമാണ്. സ്ത്രീധനത്തിന്റെ കമ്മീഷൻ പറ്റിയിരുന്ന പൗരോഹിത്യവും കമ്മിറ്റികളുമെല്ലാം അത് ഉപേക്ഷിക്കുമെന്ന് പ്രഖ്യാപിച്ചതും വളരെനല്ല കാര്യമാണ്. ഇങ്ങനെ സ്ത്രീധന സമ്പ്രദായത്തിൽനിന്നും മുസ്‌ലിം സമൂഹത്തെ കുറെയൊക്കെ മോചിപ്പിക്കാൻ മുജാഹിദ് പ്രസ്ഥാനത്തിനായി എന്നത് യാഥാർഥ്യമാണ്. സ്ത്രീധന, ആഭരണഭ്രമ വിരുദ്ധ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിൽ സുഹൈർ ചുങ്കത്തറ നിർവഹിച്ച സേവനങ്ങൾ കേരളീയ മുസ്‌ലിം സമൂഹം എക്കാലവും നന്ദിയോടെ സ്മരിക്കും. എ. അലി മാസ്റ്ററുടെ നിസ്വാർഥസേവനങ്ങളും പരാമർശിക്കാതിരിക്കാൻ കഴിയില്ല.

സ്ത്രീധനം അനിസ്‌ലാമികമാണ്. പുരുഷൻ സ്ത്രീക്ക് മഹ്ർ കൊടുക്കുകയല്ലാതെ സ്ത്രീയിൽനിന്നും പുരുഷൻ ചോദിച്ചുവാങ്ങുന്നതും വിവാഹത്തിന് അത്തരത്തിലുള്ള കണ്ടീഷനുകൾ വെക്കുന്നതും കുറ്റകരവും നിഷിദ്ധവുമാണ്. വിവാഹസമ്മാനമായി രക്ഷിതാക്കളോ ബന്ധുക്കളോ സുഹൃത്തുക്കളോ സ്ത്രീക്ക് നൽകുന്നതെല്ലാം അവളുടേത് മാത്രമാണ്. എന്നാൽ ഇങ്ങനെയുള്ള സമ്മാനങ്ങളുടെ പേരിൽ ധൂർത്തും അമിതമായ ആഭരണ സംസ്കാരവും പാടുള്ളതല്ല. അവയും നിഷിദ്ധമാണ്.

> **മുജാഹിദ് പ്രസ്ഥാനമാണ് സ്ത്രീധനത്തിനെതിരെ മുസ്‌ലിം സമുദായത്തെ ബോധവത്കരിക്കാൻ മുന്നിൽ നിന്നുപ്രവർത്തിച്ചത്. സ്ത്രീധനമില്ലാത്തതും ആർഭാടരഹിതവുമായ വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും അവക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയും പ്രത്യേകമായ സംഘടനാ സംവിധാനം രൂപീകരിച്ചു. 1980 മെയ് 10ന് 'ബോർഡ് ഓഫ് ഇസ്‌ലാമിക് സർവീസ് ആൻഡ് മിഷിനറി ഇൻഫർമേഷൻ' എന്ന സമിതി അങ്ങനെയാണ് രൂപം കൊണ്ടത്. ഇട്ടോളി അഹ്മദ് കോയ ഹാജിയുടെയും ഒ കുഞ്ഞിമുഹമ്മദ് സാഹിബിന്റെയും നേതൃത്വത്തിലാണ് അത് പ്രവർത്തിച്ചുവന്നത്. 'സ്ത്രീധനം അനിസ്‌ലാമികം, വാങ്ങരുത്, പ്രോത്സാഹിപ്പിക്കരുത്' എന്ന ക്യാപ്ഷൻ സ്വീകരിച്ചുകൊണ്ടാണ് 'ബിസ്മി' പ്രവർത്തിച്ചുവന്നത്. ഒരു സാമൂഹ്യ ദുരാചാരത്തിനെതിരെയുള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് മുസ്‌ലിം സമുദായത്തിൽ നിന്നുള്ള വലിയ പിന്തുണയാണ് ലഭിച്ചത്.**

### സ്ത്രീധന നിയമവും കേരളത്തിന്റെ അവസ്ഥയും

ഇന്ത്യയിൽ സ്ത്രീധന നിരോധന നിയമം നിലവിൽ വന്നത് 1961 മെയ് 1ന് ആണ്. നിയമമനുസരിച്ച് സ്ത്രീധനമെന്നാൽ വധൂവരന്മാരോ അവരുടെ രക്ഷിതാക്കളോ, അല്ലെങ്കിൽ വിവാഹവുമായി ബന്ധപ്പെട്ട് മറ്റാരെങ്കിലുമോ വിവാഹത്തിന് പണമോ സ്വത്തോ സാധനങ്ങളോ നൽകുന്നത് നിരോധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമം വേണ്ടത്ര കാര്യക്ഷമമല്ല. അത് ശക്തമാക്കുന്നതിനു പകരം ലഘൂകരിക്കാനുള്ള ശ്രമങ്ങളാണ് പിന്നീട് നടന്നത്. 1984ലെ ഭേദഗതിയനുസരിച്ച് വിവാഹ സമയത്ത് വധുവിനോ വരനോ നൽകപ്പെടുന്ന സമ്മാനങ്ങൾ അനുവദനീയമാക്കി. ഇത് വ്യാപകമായ സ്ത്രീധന

കൈമാറ്റത്തിനുള്ള പഴുതായി മാറി. നിയമപരമായി ഒരു കടലാസ് നിരോധനം ഉണ്ടെങ്കിലും സമ്മാനങ്ങളുടെ രൂപത്തിൽ സംസ്ഥാനത്ത് സ്ത്രീധനം വ്യാപകമാണെന്ന് മന്ത്രിമാർ മുതൽ മുഴുവൻ ഉദ്യോഗസ്ഥ സമൂഹത്തിനും അറിയാവുന്ന കാര്യമാണ്.

പത്രമാധ്യമങ്ങളിൽ വരുന്നതിനെക്കാൾ സ്ത്രീധന പീഡന കേസുകൾ കേരളത്തിൽ ഉണ്ടെന്നത് ഒരു യാഥാർഥ്യമാണ് എന്നാണ് സംസ്ഥാന ശിശു വികസന വകുപ്പ് ഡയറക്റ്റർ ടി.വി അനുപമ ഐഎഎസ് പറയുന്നത്. എന്നാൽ ഇങ്ങനെ പീഡിപ്പിക്കപ്പെടുന്ന വനിതകളിൽ വളരെ അൽപം പേർ മാത്രമെ പരാതിപ്പെടാൻ ധൈര്യം കാണിക്കുന്നുള്ളൂ എന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നത്. പരാതി ബോധിപ്പിക്കുന്നവർ അതുമായി മുമ്പോട്ട് പോകുവാനുള്ള ധൈര്യം കാണിക്കുന്നില്ലെന്നും പിന്നീട് രക്ഷിതാക്കൾ തമ്മിൽ പ്രശ്നം പരിഹരിക്കുകയാണ് ചെയ്യുന്നതെന്നും അവർ പറയുന്നു. പ്രശ്നം പരിഹരിക്കപ്പെടുക എന്നു പറഞ്ഞാൽ ആവശ്യപ്പെട്ട തുക നൽകി എങ്ങനെയെങ്കിലും പെൺകുട്ടി അനുഭവിക്കുന്ന പ്രശ്നങ്ങളിൽനിന്നും അവളെ 'രക്ഷപ്പെടുത്തുക' എന്നാണ് ഉദ്ദേശിക്കപ്പെടുന്നത്.

സ്ത്രീധനം ചോദിക്കുന്നതുപോലെത്തന്നെ കൊടുക്കുന്നതും കുറ്റകരമായതിനാൽ പെൺകുട്ടികൾ കേസുമായി മുമ്പോട്ട് പോകുന്നതിനെ ഭയപ്പെടുന്നു. കാരണം അവരുടെ മാതാപിതാക്കളും ശിക്ഷിക്കപ്പെടുമോ എന്ന പേടി അവരെ പിടികൂടുന്നു. സ്ത്രീധന പീഡന കേസുകൾ റജിസ്റ്റർ ചെയ്യുന്ന ജില്ലാ വനിതാ സംരക്ഷണ ഉദ്യോഗസ്ഥന്മാർ പറയുന്നത് ഇങ്ങനെയാണ്: 'ഗാർഹിക പീഡനക്കേസിൽ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ, സ്ത്രീധനവുമായി ബന്ധപ്പെട്ട് ജില്ലാ വനിതാ സംരക്ഷണ ഉദ്യോഗസ്ഥർ (WPO) പൂരിപ്പിക്കേണ്ട ഒരു കോളമുണ്ട്. എന്നാൽ മിക്കപ്പോഴും, പരാതിക്കാരി അവളുടെ മാതാപിതാക്കൾ സ്ത്രീധനം നൽകിയിട്ടില്ലെന്നും വിവാഹസമയത്ത് സ്വർണാഭരണങ്ങളും പണവും 'സമ്മാനമായി' നൽകിയതാണെന്നും രേഖപ്പെടുത്തും. അതിനാൽ, ഞങ്ങൾക്ക് ആ കോളം പൂരിപ്പിക്കാൻ കഴിയില്ല, അതിന്റെ ഫലമായി സ്ത്രീധന നിരോധന നിയമപ്രകാരമുള്ള കേസുകളുടെ എണ്ണം നന്നേ കുറയുന്നു.' ചില കേസുകളിൽ പോലീസുകാർ അമിതമായി ഇടപെടുന്നതായും ആക്ഷേപമുണ്ട്. കേസുകളുമായി മുമ്പോട്ട് പോകുന്നതിൽനിന്നും സ്ത്രീകളെ പിന്തിരിപ്പിക്കുകയും അതിന്റെ പേരിൽ അവരെ ഭയപ്പെടുത്തുകയും ചെയ്യുന്ന നിയമപാലകന്മാർ ഉണ്ടെന്നാണ് ജില്ലാ വനിതാഉദ്യോഗസ്ഥർ പറയുന്നത്. രക്ഷിതാക്കളാവട്ടെ, വിവാഹിതയായ സ്വന്തം മകൾ അവരുടെ വീട്ടിൽ അധികകാലം കഴിയുന്നത് നാണക്കേടായി കാണുകയും എങ്ങനെയെങ്കിലും പ്രശ്നം 'സെറ്റിൽ' ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഈ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഫോറം പൂരിപ്പിക്കാനും ചില ഉപദേശങ്ങൾ നൽകാനും സാധിക്കുന്നു എന്നല്ലാതെ നിയമം നടപ്പാക്കാനോ നടപ്പാക്കുന്നതിനുള്ള നടപടികൾ നിർവഹിക്കാനോ യാതൊരു അധികാരവും നൽകപ്പെട്ടിട്ടില്ല എന്നതും കേസുകൾ തേഞ്ഞുമാഞ്ഞുപോകുന്നതിന് സഹായിക്കുന്നു. വനിതാ ശിശുവികസന ഓഫീസർക്ക് സ്ത്രീധന നിരോധന ഓഫീസറുടെ പദവി നൽകാനുള്ള നിർദേശം ലോ കമ്മീഷന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ലോ കമ്മീഷൻ അംഗീകരിച്ചാൽ വനിതാ ശിശുവികസന ഓഫീസർക്കും ജില്ലാ വനിതാസംരക്ഷണ ഉദ്യോഗസ്ഥർക്കും സ്ത്രീധന പരാതികളിൽ നടപടികൾ സ്വീകരിക്കാൻ സാധിക്കും.



## സഹോദരിമാരെ രക്ഷിക്കാൻ എന്തുണ്ട് മാർഗം?

സ്ത്രീധനത്തിന്റെ പേരിൽ പീഡനങ്ങൾ ഏറ്റുവാങ്ങുന്ന സഹോദരിമാർ മരണത്തിലേക്ക് എടുത്തെറിയപ്പെടുന്നതിൽ എല്ലാവരും കുറ്റക്കാരാണ്. മാതാപിതാക്കളും ഭരണകൂടവും നിയമം നടപ്പാക്കേണ്ടവരും പോലീസും ജുഡീഷ്യറിയുമെല്ലാം ഇക്കാര്യത്തിൽ തുല്യരാണ്. ഭർതൃവീട്ടിൽ സ്ത്രീധനപീഡനം അനുഭവിക്കുമ്പോൾ സ്വന്തം രക്ഷിതാക്കളുടെ അരികിലേക്ക് എത്തുവാനാണ് പെൺകുട്ടികൾ ആഗ്രഹിക്കുക. എന്നാൽ പെൺകുട്ടികൾ സ്വന്തം വീട്ടിൽ കഴിയുന്നത് ഒരു ഭാരമായും അപമാനമായും രക്ഷിതാക്കൾ കാണുന്നു. അവർ വീണ്ടും ഭർതൃവീട്ടിലേക്ക് തന്നെ പോകാൻ നിർബന്ധിതരാവുന്നു. മാതാപിതാക്കളുടെ ദുരഭിമാനം പെൺകുട്ടികളെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്നു. സ്വന്തം മക്കൾ ദുരിതക്കയത്തിലാണെങ്കിലും വിവാഹം കഴിപ്പിച്ചുവിട്ടു എന്ന ആശ്വാസത്തിൽ മാത്രം രക്ഷിതാക്കൾ കഴിയുന്നത് മക്കളോട് ചെയ്യുന്ന ക്രൂരതയാണ്. സ്ത്രീധനത്തിന്റെ പേരിൽ മറ്റൊരു വീട്ടിൽ ദുരിതം അനുഭവിക്കുന്നതിലും ഭേദം ഉള്ളത് പങ്കുവെച്ചുകൊണ്ട് സ്വന്തം മാതാപിതാക്കളുടെ കൂടെ സമാധാനത്തോടെ കഴിയുന്നതല്ലേ നല്ലത് എന്നു ചിന്തിക്കാൻ മാതാപിതാക്കൾ തയ്യാറാവണം. രണ്ടുവീടുകളിലും ജീവിക്കാൻ സാധിക്കാതെ വരുമ്പോഴാണ് മക്കൾ മരണത്തെ കുറിച്ച് ചിന്തിച്ചുതുടങ്ങുന്നത്.

## പെൺകുട്ടികൾക്ക് ധൈര്യം പകരണം


മരണവും ആത്മഹത്യയും ഒന്നിനും പരിഹാരമല്ല എന്നു മക്കളെ ബോധ്യപ്പെടുത്താൻ കഴിയണം. വിവാഹാന്വേഷണവേളകളിൽ തന്നെ സ്ത്രീധനത്തിനെതിരെ അതിശക്തമായ നിലപാടുകൾ സ്വീകരിക്കാൻ നമ്മുടെ പെൺകുട്ടികൾക്ക് സാധിക്കണം. മഞ്ഞലോഹത്തിന്റെ മാസ്മരികതകളിൽനിന്നും യാഥാർഥ്യ ലോകത്തിന്റെ വാസ്തവങ്ങളിലേക്ക് അവരെ കൈപിടിച്ചാനയിക്കണം. പൊന്നും പണവും ചോദിച്ചുവരുന്ന പൊങ്ങുതടികളോട് ഇറങ്ങിപ്പോകാൻ പറയാനുള്ള ധൈര്യം അവർ ആർജിക്കണം. പണത്തിനും വലിയ ഉദ്യോഗങ്ങൾക്കുമപ്പുറം സ്നേഹവും സംരക്ഷണവും ചൊരിഞ്ഞുതരുന്ന, ദൈവബോധമുള്ള സാംസ്കാരിക പൗരുഷങ്ങളെ അവർ ഇണകളായി സ്വീകരിക്കണം. നിറംകെട്ടുപോകുന്ന സൗന്ദര്യങ്ങളെയല്ല, ക്ഷയിച്ചുപോകുന്ന മസിൽപവറുകളെയുമല്ല, നശിച്ചുപോകുന്ന സമ്പത്തിനെയുമല്ല, മറിച്ച് ധാർമികബോധത്തെയും സ്വഭാവഗുണത്തെയും പരലോക വിചാരത്തെയുമാണ് അവർ ചേർത്തുപിടിക്കേണ്ടത്.

സ്വന്തം ഇണകളെ പണത്തിനുവേണ്ടി പീഡിപ്പിച്ചു കൊല്ലുന്ന കുറ്റവാളികളെ നിയമത്തിന്റെ മുമ്പിലേക്ക് കൊണ്ടുവരികതന്നെയാണ് വേണ്ടത്. ഏതു സാഹചര്യത്തെയും ആത്മധൈര്യത്തോടെ നേരിടാനും നിയമപരമായ മാർഗങ്ങളിലൂടെ സഞ്ചരിക്കാനുമുള്ള മാർഗദർശനം പീഡനമേൽക്കുന്ന സഹോദരിമാർക്ക് നൽകുകയും വേണം. ഇതിനായി നിയമസഹായ വേദികൾ രൂപംകൊള്ളണം. എന്നാൽ എത്രതന്നെ കടുത്ത നിയമങ്ങൾ കൊണ്ടുവന്നാലും കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ സമൂഹം ഒരുക്കിക്കൊടുക്കുന്നു എന്നത് എത്രമാത്രം ഖേദകരമാണ്! സമൂഹത്തിന്റെ അനാസ്ഥ കാരണമാണ് പല കുറ്റവാളികളും രക്ഷപ്പെടുന്നതെന്ന കാര്യം ഓർക്കണം. അതുകൊണ്ട് ശക്തമായ നിയമപോരാട്ടം നടക്കുമ്പോൾ തന്നെ, സമൂഹത്തിൽ സ്ത്രീധനത്തിനെതിരെയുള്ള വിപുലമായ ബോധവത്കരണവും നടക്കേണ്ടതുണ്ട്. ഇനിയും നിയമങ്ങൾ ഉറങ്ങിക്കൂടാ. പോരാളികൾ വിശ്രമിച്ചുകൂടാ.

> “വിവാഹാന്വേഷണ വേളകളിൽ തന്നെ സ്ത്രീധനത്തിനെതിരെ അതിശക്തമായ നിലപാടുകൾ സ്വീകരിക്കാൻ നമ്മുടെ പെൺകുട്ടികൾക്ക് സാധിക്കണം. മഞ്ഞലോഹത്തിന്റെ മാസ്മരികതകളിൽ നിന്നും യാഥാർഥ്യ ലോകത്തിന്റെ വാസ്തവങ്ങളിലേക്ക് അവരെ കൈപിടിച്ചാനയിക്കണം. പൊന്നും പണവും ചോദിച്ചുവരുന്ന പൊങ്ങുതടികളോട് ഇറങ്ങിപ്പോകാൻ പറയാനുള്ള ധൈര്യം അവർ ആർജിക്കണം. പണത്തിനും വലിയ ഉദ്യോഗങ്ങൾക്കുമപ്പുറം സ്നേഹവും സംരക്ഷണവും ചൊരിഞ്ഞു തരുന്ന ദൈവബോധമുള്ള സാംസ്കാരിക പൗരുഷങ്ങളെ അവർ ഇണകളായി സ്വീകരിക്കണം. നിറം കെട്ടുപോകുന്ന സൗന്ദര്യങ്ങളെയല്ല, ക്ഷയിച്ചുപോകുന്ന മസിൽ പവറുകളെയുമല്ല, നശിച്ചുപോകുന്ന സമ്പത്തിനെയുമല്ല, മറിച്ച് ധാർമികബോധത്തെയും സ്വഭാവഗുണത്തെയും പരലോക വിചാരത്തെയുമാണ് അവർ ചേർത്തുപിടിക്കേണ്ടത്.”

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ത്വാഇഫ് യാത്രയും ആകാശാരോഹണവും

**മുഹമ്മദ് നബിﷺ 27**

നബിﷺ പ്രതീക്ഷിച്ചതായിരുന്നില്ല ത്വാഇഫിൽനിന്നും അഭിമുഖീകരിക്കേണ്ടിവന്നത്. ഏറെ വേദനിപ്പിക്കുന്ന, വിഷമിപ്പിക്കുന്ന ചെയ്തികൾക്കാണ് അവിടുന്ന് ഇരയായത്. സക്വീഫ് ഗോത്രത്തിലെ പ്രധാനികൾക്ക് അല്ലാഹുവിന്റെ ദീനിനെക്കുറിച്ച് പറഞ്ഞുകൊടുത്തപ്പോൾ അവർ നബിﷺയോട് വളരെ മോശമായിട്ടായിരുന്നു പ്രതികരിച്ചത്. മാത്രവുമല്ല, അവിടെയുണ്ടായിരുന്ന കുട്ടികളെക്കൊണ്ട് നബിﷺയെ കൂവി വിളിച്ചും പരിഹസിച്ചും കല്ലെറിഞ്ഞും ആ നാട്ടിൽനിന്നും ആട്ടിയോടിക്കുകയാണ് അവർ ചെയ്തത്. അന്ന് നബിﷺ സഹിച്ച ത്യാഗത്തിന്റെ കഥ അവിടുന്ന് തന്നെ പറഞ്ഞുതരുന്നുണ്ട്:

ഉർവ(റ)യിൽ നിന്ന് നിവേദനം: നബിﷺയുടെ പത്നി ആഇശ(റ) അദ്ദേഹത്തോട് (ഉർവ(റ)യോട്) പറഞ്ഞു: "ഉഹ്ദ് ദിനത്തെക്കാൾ കഠിനമായ ഒരു ദിവസം അങ്ങേക്ക് വന്നിട്ടുണ്ടോ എന്ന് നബിﷺയോട് അവർ ചോദിച്ചു: നബിﷺ പറഞ്ഞു: 'തീർച്ചയായും, നിന്റെ ജനതയിൽനിന്ന് (മക്കക്കാരിൽനിന്ന്) എനിക്ക് ധാരാളം കിട്ടിയിട്ടുണ്ട്. ഞാൻ എന്റെ ശരീരം ഇ

ബ്നു അബ്ദിയാലീൽ ഇബ്നും അബ്ദുകുലാലിന് പ്രദർശിപ്പിച്ച സന്ദർഭം; ഞാൻ ഉദ്ദേശിച്ചതിലേക്ക് എനിക്ക് അയാൾ മറുപടി നൽകിയില്ല.അങ്ങനെ ഞാൻ വിഷമിതനായി പോന്നു. ഞാൻ ക്വർനുസ്സആലിബിൽ (എത്തിയപ്പോൾ) അല്ലാതെ എനിക്ക് ബോധംവന്നിരുന്നില്ല. അങ്ങനെ ഞാൻ എന്റെ തലയുയർത്തി. അപ്പോഴതാ, ഞാൻ ഒരു മേഘത്തിന്റെ തണലിൽ! അങ്ങനെ ഞാൻ നോക്കിയപ്പോൾ അതിൽ ജിബ്‌രീൽ (ഉണ്ടായിരുന്നു). അദ്ദേഹം എന്നെ വിളിച്ചു. എന്നിട്ട് പറഞ്ഞു: തീർച്ചയായും അങ്ങയോടുള്ള അങ്ങയുടെ ജനതയുടെ വാക്കുകളും അവർ അങ്ങേക്ക് മറുപടി തരാത്തതും അല്ലാഹു കേട്ടിരിക്കുന്നു. (അതിനാൽ) അങ്ങയിലേക്ക് പർവതത്തിന്റെ മലക്കിനെ അല്ലാഹു അയച്ചിരിക്കുന്നു. അദ്ദേഹത്തോട് അവരിൽ അങ്ങ് ഉദ്ദേശിക്കുന്നത് (സംഭവിക്കാനായി) കൽപിക്കുന്നതിനായി (മലക്കിനെ അയച്ചിരിക്കുന്നു).' അങ്ങനെ മലക്കുൽ ജിബാൽ എന്നെ വിളിക്കുകയും എന്നിട്ട് എന്റെമേൽ സലാം പറയുകയും ചെയ്തു. പിന്നീട് (മലക്ക്) പറഞ്ഞു: 'ഓ, മുഹമ്മദ്!' എന്നിട്ട് പറഞ്ഞു: 'നിങ്ങൾ ഉദ്ദേശിക്കുന്നതിൽ അത് (സംഭവിക്കുന്നതാണ്). നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ രണ്ട് ഭാഗങ്ങളായി കിടക്കുന്ന (മലകൾ) അവരുടെമേൽ ഞാൻ മറിച്ചിടുന്നതാണ്.' അപ്പോൾ നബിﷺ പറഞ്ഞു: 'വേണ്ട, അവരുടെ മുതുകുകളിൽനിന്ന് അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന, അവനിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവരെ അല്ലാഹു പുറത്തെടുക്കുന്നതിനെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്" (ബുഖാരി).

ഹിജ്റയും അതിനുശേഷം നടന്ന യുദ്ധങ്ങളും എല്ലാം കഴിഞ്ഞാണ് ആഇശ رضي الله عنها നബിﷺയോട് ഈ കാര്യം ചോദിക്കുന്നത് എന്ന കാര്യം ഇവിടെ മനസ്സിലാക്കണം. നാടും വീടും കുടുംബവും സമ്പാദ്യവും എല്ലാം വിട്ടേച്ചുള്ള യാത്രയായിരുന്നുവല്ലോ മദീനയിലേക്കുള്ള ഹിജ്റ. അതിനുശേഷം ബദ്ർ യുദ്ധവുംഉഹദ് യുദ്ധവും നടന്നു. അവിടെയെല്ലാം അങ്ങേയറ്റത്തെ വിഷമതകളാണ് അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നത്. ശത്രുക്കൾ ചതിക്കുഴിയിൽ വീഴ്ത്തി. അവിടുത്തെ മുൻപല്ല് പൊട്ടി. രക്തം ഒഴുകി. ജീവൻ തന്നെയും അപകടത്തിലാകുന്ന സ്ഥിതിയുണ്ടായി. ഈമാൻ ഹൃദയത്തിലേക്ക് ഇറങ്ങിയിട്ടില്ലാത്ത കപടവിശ്വാസികളെക്കൊണ്ടും അന്ന് നബിﷺ പരീക്ഷിക്കപ്പെടുകയുണ്ടായി. ത്യാഗസന്നദ്ധത കാണിക്കേണ്ടനേരത്ത് പോലും ഭൗതിക ജീവിതത്തിലേക്കു തിരിഞ്ഞ് പിന്മാറിക്കളഞ്ഞവരാണ് കപടവിശ്വാസികൾ. മാനസികമായും ശാരീരികമായും നബിﷺ ഉഹ്ദ് യുദ്ധത്തിന്റെ സന്ദർഭത്തിൽ വേദനിച്ചിട്ടുണ്ട്. അതിനെക്കാളും കഠിനമായ ഒരു ദിവസം നബിയേ, അങ്ങേക്ക് വന്നിട്ടുണ്ടോ എന്നായിരുന്നു ആഇശ رضي الله عنهاയുടെ ചോദ്യം.

> **അനസി رضي الله عنه ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അബൂദർറ് പറയുമായിരുന്നു: 'തീർച്ചയായും അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ഞാൻ മക്കയിലായിരിക്കെ എന്റെ വീടിന്റെ മേൽക്കൂരയിൽ വിടവുണ്ടാക്കപ്പെടുകയുണ്ടായി. അങ്ങനെ ജിബ്‌രീൽ عليه السلام ഇറങ്ങിവന്നു. എന്നിട്ട് എന്റെ നെഞ്ച് വിടർത്തി. പിന്നീട് സംസം വെള്ളംകൊണ്ട് അതിനെ (ഹൃദയത്തെ) കഴുകി. പിന്നീട് ഹിക്മത്തും ഈമാനും നിറക്കപ്പെട്ട സ്വർണത്താലുള്ള ഒരു തളിക കൊണ്ടുവന്നു. എന്നിട്ട് അത് എന്റെ നെഞ്ചിനകത്തേക്ക് ഒഴിച്ചു. പിന്നീട് അതിനെ (പൂർവസ്ഥിതിയിലേക്ക്) ചേർത്തു. പിന്നീട് അദ്ദേഹം എന്റെ കൈപിടിച്ചു. എന്നിട്ട് ഒന്നാം ആകാശത്തേക്ക് എന്നെയും കൊണ്ട് കയറി..." (ബുഖാരി).**

സക്വീഫ് ഗോത്രത്തിൽ ചെന്ന് പ്രബോധനം നടത്തിയ ആ അവസ്ഥയാണ് നബിﷺ ഇവിടെ സ്മരിക്കുന്നത്. അവിടെ ചെന്ന് അവിടെയുള്ള പല നേതാക്കളെയും കണ്ടു. അവരോടെല്ലാം ഈ കാര്യം പറഞ്ഞു. അവരാരും അതിന് മറുപടി നൽകിയില്ല. അവരിൽ നിന്നും നേരിട്ട പ്രയാസം സഹിക്കവയ്യാതെ മടങ്ങുമ്പോൾ ക്വർനുസ്സആലിബ് എന്ന സ്ഥലത്ത് എത്തിയപ്പോഴാണ് നബിﷺക്ക് കുറച്ചെങ്കിലും ഒരു ആശ്വാസം ലഭിക്കുന്നത്. മക്കക്കാരുടെ എതിർപ്പ് അസഹ്യമായതിനെ തുടർന്നായിരുന്നുവല്ലോ നബിﷺ ത്വാഇഫിലേക്ക് തിരിച്ചത്. അവിടെയുള്ളവരും വ്യത്യസ്തത പുലർത്തിയില്ല. ഇത് നബിﷺയിൽ എത്രമാത്രം പ്രയാസം ഉളവാക്കിയിരിക്കും!

ത്വാഇഫിൽനിന്നും നബിﷺ ക്ഷീണിതനായി ഓടി രക്ഷപ്പെട്ടു. ആരും കൂട്ടിനില്ലാതെ തനിച്ച് ഒരിടത്ത് നബിﷺ വിശ്രമിച്ചിരിക്കുകയായിരുന്നു. കുറച്ചു സമയം കഴിഞ്ഞ് തലയുയർത്തി നോക്കിയപ്പോൾ മുകളിൽ ഒരു മേഘം തണലിട്ട് നൽകിയതായി അവിടുന്ന് കാ

ണുകയുണ്ടായി. അതിൽ നബിﷺ ജിബ്‌രീലിനെയും കണ്ടു. ജിബ്‌രീൽؑ നബിﷺയെ ആശ്വസിപ്പിച്ചു: 'നബിയേ, നിങ്ങൾ ത്വാഇഫുകാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചതും അവർ നിങ്ങൾക്ക് എപ്രകാരമാണ് മറുപടി നൽകിയത് എന്നും അല്ലാഹു നന്നായി കേട്ടിട്ടുണ്ട്.'

പർവതങ്ങളുടെ കാര്യം ഏൽപിക്കപ്പെട്ടിട്ടുള്ള മലക്കാണ് 'മലക്കുൽ ജിബാൽ.' ഈ മലക്കിനെ അല്ലാഹു നബിﷺയുടെ അടുത്തേക്ക് അയക്കുന്നു. നബിﷺ ത്വാഇഫുകാരിൽ എന്ത് ശിക്ഷ നടപ്പിലാക്കാൻ കൽപിച്ചാലും അല്ലാഹു മലക്കുൽ ജിബാലിന് അത് നടപ്പിൽ വരുത്തുന്നതിനുള്ള കൽപന നൽകിയിരുന്നു. മലക്കുൽ ജിബാലിനെക്കുറിച്ചുള്ള കാര്യം ജിബ്‌രീൽؑ നബിﷺയോട് പറഞ്ഞുകഴിഞ്ഞപ്പോഴേക്കും മലക്കുൽ ജിബാൽ നബിﷺയെ വിളിച്ചു. നബിﷺയോട് കാര്യങ്ങൾ അവതരിപ്പിച്ചു. 'നിങ്ങൾ ഉദ്ദേശിക്കുകയാണെങ്കിൽ അവരെ ഈ മലകൾക്കിടയിൽ നശിപ്പിക്കുവാൻ അല്ലാഹു എനിക്ക് അനുവാദം നൽകിയിട്ടുണ്ട്.' കാരുണ്യത്തിന്റെ തിരുദൂതർﷺ അവരെ നശിപ്പിക്കുവാൻ കൽപിച്ചില്ല. 'അവരിൽനിന്ന് അല്ലാഹു അവനെ മാത്രം ആരാധിക്കുന്നവരെ കൊണ്ടുവരുന്നതിനെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്' എന്നായിരുന്നു നബിﷺയുടെ മറുപടി.

നബിﷺക്ക് അന്ന് നേരിടേണ്ടിവന്ന പ്രയാസത്തിന്റെ ശക്തിയാണ് ഈ സംഭവം നമ്മെ അറിയിക്കുന്നത്. തന്നെ കൂവിവിളിച്ച, പരിഹസിച്ച, കല്ലെറിഞ്ഞാട്ടിയ ജനതയെ നശിപ്പിക്കാനുള്ള അവസരം ലഭിച്ചിട്ടും മാപ്പ് നൽകിയ മഹാനാണ് മുഹമ്മദ് നബിﷺ.

## ഇസ്‌റാഅ്, മിഅ്‌റാജ്

ത്വാഇഫിൽനിന്നും വിഷമത്തോടെ മടങ്ങിയ നബിﷺക്ക് ഏറെ ആശ്വാസം നൽകുന്ന ഒരു അത്ഭുത യാത്രയായിരുന്നു ഇസ്‌റാഅ്-മിഅ്‌റാജ്. നാട്ടുകാരും കുടുംബക്കാരും നബിﷺക്കെതിരിൽ തിരിഞ്ഞപ്പോൾ അല്ലാഹു നബിﷺക്ക് അത്യുന്നത പദവിയും സ്ഥാനവും നൽകുകയായിരുന്നു ഈ സംഭവത്തിലൂടെ. അല്ലാഹുവിന്റെ സന്നിധിയിലേക്കുള്ള മഹനീയമായ ആ യാത്ര ചരിത്രപ്രസിദ്ധമാകുകയും ചെയ്തു.

നബിﷺയുടെ ജീവിതത്തിലുണ്ടായ അത്ഭുത സംഭവമാണ് ഇസ്‌റാഅ്-മിഅ്‌റാജ്. അത് അല്ലാഹു നബിﷺയിലൂടെ പ്രകടമാക്കിയ വലിയ ഒരു മുഅ്ജിസത്തായിരുന്നു. ഈ യാത്രയെ സംബന്ധിച്ച് ക്വുർആനിലും ഹദീഥിലും നമുക്ക് കാണാവുന്നതാണ്. സൂറതുൽ ഇസ്‌റാഅ് എന്ന പേരിൽ ഒരു അധ്യായം തന്നെ നമുക്ക് കാണാവുന്നതാണ്. ആ അധ്യായത്തിന്റെ ആരംഭത്തിൽ ഇപ്രകാരം കാണാം:

"തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അക്വ്സായിലേക്ക്- അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു- നിശായാത്ര ചെയ്യിച്ചവൻ എത്രയോപരിശുദ്ധൻ! നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കാൻ വേണ്ടിയത്രെ അത്. തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ" (ക്വുർആൻ 17:1).

ധാരാളം അമാനുഷിക ദൃഷ്ടാന്തങ്ങൾ ഉൾകൊള്ളുന്ന അത്ഭുതകരമായ 'ഇസ്‌റാഅ്' യാത്ര മക്കയിലെ മസ്ജിദുൽ ഹറാമിൽനിന്നും ഫലസ്തീനിലെ മസ്ജിദുൽ അക്വ്സ്വായിലേക്കുള്ള യാത്രയാണ്. അവിടെ നിന്നും ആകാശലോകത്തേക്കുള്ള രാപ്രയാണത്തിനാണ് 'മിഅ്‌റാജ്' എന്നു പറയുന്നത്. ഈ യാത്ര ഒരു മനുഷ്യന് സാധ്യമല്ലാത്ത ഒന്നാണ്. അത്ഭുതകരമായ ഈ യാത്രക്ക് മുമ്പ് നബിﷺയെ ശാരീരികമായും മാനസികമായും അല്ലാഹു ഒരുക്കിയിരുന്നു. നബിﷺ പറയുന്നത് കാണുക:

അനസിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അബൂദർറ് പറയുമായിരുന്നു: 'തീർച്ചയായും അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ഞാൻ മക്കയി



ലായിരിക്കെ എന്റെ വീടിന്റെ മേൽക്കൂരയിൽ വിടവുണ്ടാക്കപ്പെടുകയുണ്ടായി. അങ്ങനെ ജിബ്‌രീൽﷺ ഇറങ്ങിവന്നു. എന്നിട്ട് എന്റെ നെഞ്ച് വിടർത്തി. പിന്നീട് സംസം വെള്ളംകൊണ്ട് അതിനെ (ഹൃദയത്തെ) കഴുകി. പിന്നീട് ഹിക്മത്തും ഈമാനും നിറക്കപ്പെട്ട സ്വർണത്താലുള്ള ഒരു തളിക കൊണ്ടുവന്നു. എന്നിട്ട് അത് എന്റെ നെഞ്ചിനകത്തേക്ക് ഒഴിച്ചു. പിന്നീട് അതിനെ (പൂർവസ്ഥിതിയിലേക്ക്) ചേർത്തു. പിന്നീട് അദ്ദേഹം എന്റെ കൈപിടിച്ചു. എന്നിട്ട് ഒന്നാം ആകാശത്തേക്ക് എന്നെയും കൊണ്ട് കയറി...'' (ബുഖാരി).

നബിﷺയുടെ ജീവിതത്തിൽ മുമ്പും നെഞ്ച് പിളർത്തിയ സന്ദർഭം ഉണ്ടായിട്ടുണ്ട്. അത് നാം മുമ്പ് വിവരിച്ചതാണ്. ഹലീമതുസ്സഅദിയ്യ എന്ന മഹതി മുലയൂട്ടി വളർത്തുന്ന കാലത്ത് ഏതാണ്ട് നാല് വയസ്സ് പ്രായമുള്ളപ്പോഴായിരുന്നു ആ സംഭവം.

ഈ സംഭവം രണ്ടാമത് നടന്നതാണ്. മഹത്തായ ഒരു യാത്രക്കുള്ള തയ്യാറെടുപ്പിനുള്ളതായിരുന്നു ഈ നെഞ്ച് പിളർത്തിയ സംഭവം. അല്ലാഹുവിന്റെ ഒരു പ്രത്യേകമായ തീരുമാനമായിരുന്നു ഇതെല്ലാം. ഇത്തരം സംഭവങ്ങളുടെ യുക്തി നമുക്ക് ചിന്തിച്ചാൽ കണ്ടെത്താൻ സാധിക്കണമെന്നില്ല. നബിﷺ പറഞ്ഞത് പോലെ വിശ്വസിക്കുക മാത്രമെ നമുക്ക് നിർവാഹമുള്ളൂ. ഹൃദയത്തിൽ ഹിക്മത്തും ഈമാനും ജിബ്‌രീൽ(عليه السلام) നിറച്ചു. അത് എങ്ങനെയാണ് നിറക്കുക എന്നത് നമുക്ക് അറിയില്ല. അല്ലാഹു അവനുദ്ദേശിക്കുന്നത് നടപ്പിലാക്കുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനത്രെ.

അതിവേഗത്തിൽ സഞ്ചരിക്കേണ്ട യാത്രയാണ്. അതിന് ശാരീരികവും മാനസികവുമായി നബിﷺയെ ഒരുക്കിയ രൂപമാണ് ഈ ഹദീഥിൽനിന്നും നമുക്ക് ഗ്രഹിക്കാനുള്ളത്.

ഈ യാത്രക്ക് ബുറാക് എന്ന് പേരുള്ള ഒരു പ്രത്യേകം വാഹനം കൊണ്ടുവരപ്പെട്ടു. അത് ഒരു വാഹനം തന്നെയായിരുന്നു. നബിﷺയുടെ ഈ യാത്ര ശാരീരികമായി തന്നെയായിരുന്നു നടന്നത് എന്നതിനുള്ള തെളിവും കൂടിയാണ് ഇത്. പലർക്കും ഇത് ഉൾകൊള്ളാൻ സാധിച്ചിട്ടില്ല. നബിﷺയുടെ ഈ യാത്ര ശാരീരികമല്ലെന്നും ഒരു സ്വപ്നം മാത്രമാണ് ഉണ്ടായത് എന്നുമെല്ലാം പറയുന്നവരുണ്ട്. സ്വപ്നത്തിൽ നടന്ന സംഭവമാണ് ഇതെങ്കിൽ എന്തിനായിരുന്നു മക്കക്കാർ കളിയാക്കി ആർത്ത് അട്ടഹസിച്ച് ചിരിച്ചത്? സ്വപ്നത്തിൽ പലതും കാണാമല്ലോ. അപ്പോൾ മക്കക്കാരുടെ പ്രതികരണവും നബിﷺയുടെ ഈ യാത്ര ശാരീരികമായിരുന്നു എന്നാണ് തെളിയിക്കുന്നത്. സൂറ അൽഇസ്‌റാഇലെ ആദ്യ വചനത്തിന്റെ അർഥം ശരിക്കും ഒന്നു നോക്കുക. തന്റെ അടിമയെ സഞ്ചരിപ്പിച്ചു എന്ന് തന്നെയാണ് അല്ലാഹു പറഞ്ഞത്. ആത്മാവും ശരീരവും ഒരുമിച്ചു ചേർന്നുള്ള യാത്രയായിരുന്നു അത് എന്നത് തന്നെയാണ് അതിൽനിന്നും നമുക്ക് മനസ്സിലാകുന്നത്.

“ മഹത്തായ ഒരു യാത്രക്കുള്ള തയ്യാറെടുപ്പിനുള്ളതായിരുന്നു ഈ നെഞ്ച് പിളർത്തിയ സംഭവം. അല്ലാഹുവിന്റെ ഒരു പ്രത്യേകമായ തീരുമാനമായിരുന്നു ഇതെല്ലാം. ഇത്തരം സംഭവങ്ങളുടെ യുക്തി നമുക്ക് ചിന്തിച്ചാൽ കണ്ടെത്താൻ സാധിക്കണമെന്നില്ല. നബിﷺ പറഞ്ഞത് പോലെ വിശ്വസിക്കുക മാത്രമെ നമുക്ക് നിർവാഹമുള്ളൂ. ഹൃദയത്തിൽ ഹിക്മത്തും ഈമാനും ജിബ്‌രീൽ(عليه السلام) നിറച്ചു. അത് എങ്ങനെയാണ് നിറക്കുക എന്നത് നമുക്ക് അറിയില്ല. അല്ലാഹു അവനുദ്ദേശിക്കുന്നത് നടപ്പിലാക്കുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനത്രെ. ”

നബിﷺക്ക് മഹത്തായ ഈ യാത്രക്കായി ഒരുക്കപ്പെട്ട വാഹനമായ ബുറാകിന്റെ രൂപത്തെ പറ്റി നബിﷺ തന്നെ നമുക്ക് പറഞ്ഞു തരുന്നത് ഇപ്രകാരമാണ്:

“വെളുത്ത ഒരു മൃഗത്തെ എനിക്ക് കൊണ്ടുവരപ്പെടുകയും ചെയ്തു. (അത്) കോവർ കഴുതയെക്കാൾ ചെറുതും സാധാരണ കഴുതയെക്കാൾ വലുതുമായിരുന്നു. (അതാണ്) ബുറാക്.''(ബുഖാരി).

യാത്ര തുടർന്നു. ബയ്തുൽ മുക്വദ്ദസിൽ എത്തി. പള്ളിയുടെ പുറത്ത് വാഹനത്തെ ഭദ്രമായി കെട്ടിയിട്ടു. എന്നിട്ട് നബിﷺ പള്ളിയിൽ പ്രവേശിച്ചു. അവിടെവെച്ച് നബിﷺ മറ്റു നബിമാരുടെ കൂടെ ജമാഅത്തായി നമസ്‌കരിക്കുകയുണ്ടായി. മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരുടെ മുന്നിൽ നബിﷺ ഇമാമായി നിൽക്കുകയുണ്ടായി എന്നത് നബിﷺക്ക് മറ്റു പ്രവാചകന്മാരിൽ നിന്ന് ലഭിച്ചിട്ടുള്ള മഹത്തായ ഒരു പദവിയായിരുന്നു.


നമസ്കാരം കഴിഞ്ഞു. വീണ്ടും യാത്ര തുടർന്നു. ആകാശത്തേക്കുള്ള യാത്രയായിരുന്നു അത്. അതിന് വേണ്ടി ഒരു ഏണി നബിﷺക്ക് കൊണ്ടുവരപ്പെടുകയുണ്ടായി എന്നും നബിﷺ പറഞ്ഞിട്ടുണ്ട്. അതിന്റെ രൂപം എപ്രകാരമാണ് എന്ന് നമുക്ക് പറയാൻ കഴിയില്ല. അദൃശ്യമായ ഇത്തരം കാര്യങ്ങളെ പറ്റി അല്ലാഹു അവന്റെ പ്രവാചകനിലൂടെ നമുക്ക് പഠിപ്പിച്ചുതന്നതിന് അപ്പുറം ഒരു അഭിപ്രായം പറയാൻ നമുക്ക് പാടില്ല. പ്രമാണത്തിൽ വന്നതുപോലെ വിശ്വസിക്കുകയേ നമുക്ക് മുമ്പിൽ മാർഗമുള്ളൂ.

ആകാശത്തേക്ക് യാത്ര ആരംഭിച്ചു. ഓരോ ആകാശത്തിന്റെയും കവാടങ്ങൾ നബിﷺക്കായി തുറക്കപ്പെട്ടു. പല നബിമാരെയും അവിടെവെച്ചും തിരുദൂതർ കാണുകയുണ്ടായി. ആദം, യൂസുഫ്, ഇദ്‌രീസ്, യഹ്‌യാ, ഈസാ, മൂസാ, ഇബ്‌റാഹീം‌ﷺ മുതലായവരെയെല്ലാം ആ സന്ദർഭത്തിൽ നബിﷺ കണ്ടിട്ടുണ്ടായിരുന്നു. അവരുമായി നബിﷺ സംസാരിച്ചു. അവിടെനിന്നും മുകളിലേക്ക് പോയി. അങ്ങനെ അല്ലാഹുവിന്റെ വിധികൾ മലക്കുകൾ പേനകൊണ്ട് എഴുതുന്നതിന്റെ ശബ്ദം നബിﷺ അവിടെ വെച്ച് കേട്ടതും നബിﷺ നമുക്ക് പറഞ്ഞുതന്നു.

അമ്പത് നേരത്തെ നമസ്കാരം ഈ സമുദായത്തിന് അല്ലാഹു നിർബന്ധമാക്കിയത് ആ യാത്രയിലായിരുന്നു. അമ്പത് നേരത്തെ നമസ്കാരം ഈ സമുദായത്തിന് പ്രയാസമാകുമെന്നതിനാൽ പല തവണകളായി അല്ലാഹുവിലേക്ക് കയറിയിറങ്ങുകയും അവസാനം അത് അമ്പത് നേരത്തെ നമസ്കാരത്തിന്റെ പുണ്യത്തിന്റെ സ്ഥാനത്ത് നിർത്തിക്കൊണ്ട് തന്നെ അഞ്ചു നേരമാക്കി നിർണയിച്ച്, ഒരു മുസ്‌ലിമിന് ഒഴിച്ചുകൂടാനാകാത്ത മഹത്തായ ആരാധന കർമമായി നൽകുകയും ചെയ്തത് ഈ യാത്രയിലായിരുന്നു. അതുപോലെ വേറെയും അത്ഭുതകരമായ കാഴ്ചകൾ നബിﷺ ഈ യാത്രയിൽ കാണുകയുണ്ടായി. ക്വുർആൻ പരാമർശിച്ചിട്ടുള്ള സിദ്‌റതുൽ മുൻതഹാ എന്ന അത്ഭുതകരമായ വൃക്ഷത്തെ നബിﷺ കാണുകയുണ്ടായി. അതിൽ തൂങ്ങിക്കിടക്കുന്ന അതിന്റെ ഫലങ്ങൾ വലിയ മൺഭരണി പോലെയും അതിന്റെ ഇലകൾ ആനയുടെ ചെവികൾപോലെയും ആകുന്നു എന്ന് നബിﷺ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഏഴ് ആകാശങ്ങൾക്ക് മീതെ കഅ്ബയുടെ നേരെ മുകളിലായി സ്ഥിതിചെയ്യുന്ന ബയ്തുൽ മഅ്മൂർ എന്ന മഹത്തായ ഭവനത്തെ പറ്റിയും നബിﷺ നമുക്ക് പറഞ്ഞുതന്നു. ആ ഭവനത്തിൽ ഓരോ നിമിഷത്തിലും പ്രവേശിക്കുന്ന മലക്കുകളുടെ സംഖ്യാധിക്യം നബിﷺ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അതുപോലെ സ്വർഗനദിയായ അൽകൗഥറിനെ പറ്റിയും നബിﷺ നമുക്ക് പറഞ്ഞുതന്നു. അന്നത്തെ യാത്രയെ പറ്റി നബിﷺ സ്വഹാബിമാർക്ക് വിവരിച്ചുകൊടുത്തപ്പോൾ അവർ ചോദിച്ചു: 'നബിയേ, നിങ്ങൾ അല്ലാഹുവിനെ കാണുകയുണ്ടായോ?' 'പ്രകാശം! ആ പ്രകാശത്തെ ഞാൻ എങ്ങനെ കാണും' എന്നായിരുന്നു മറുപടി. നബിﷺ അല്ലാഹുവിനെ കണ്ടിട്ടില്ലെന്നതാണ് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുക. അല്ലാഹുവിനെ ഈ ലോകത്തുനിന്ന് ഒരാൾക്കും കാണാൻ സാധ്യമല്ല. നാളെ സ്വർഗത്തിൽ വെച്ച് മാത്രമാണ് അല്ലാഹുവിനെ കാണാൻ സാധിക്കുക. അതുപോലെ നബിﷺ ജിബ്‌രീലിനെ സ്വരൂപത്തിൽ രണ്ടുതവണയാണ് കണ്ടിട്ടുള്ളത്. അതിൽ ഒന്ന് ആ സന്ദർഭത്തിലായിരുന്നു.

ചില ശിക്ഷകളും ആ യാത്രയിൽ നബിﷺക്ക് കാണിക്കപ്പെടുകയുണ്ടായിട്ടുണ്ട്. നബിﷺ പറയുന്നത് കാണുക:

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: എന്നെയുംകൊണ്ട് കയറപ്പെട്ടപ്പോൾ ഒരു ജനതയുടെ അരികിലൂടെ ഞാൻ നടക്കുകയുണ്ടായി. അവർക്ക് ചെമ്പിനാലുള്ള നഖങ്ങളുണ്ട്. അവർ അവരുടെ മുഖങ്ങളും നെഞ്ചുകളും വലിച്ചുകീറുന്നുണ്ട്. അപ്പോൾ ഞാൻ ചോദിച്ചു: 'ജിബ്‌രീൽ, ആ



രാണ് ഇക്കൂട്ടർ?' അദ്ദേഹം പറഞ്ഞു: 'ജനങ്ങളുടെ മാംസം ഭക്ഷിക്കുകയും അവരുടെ അഭിമാനത്തിൽ ക്ഷതമേൽപിക്കുകയും ചെയ്യുന്നവരായിരുന്നു ഇവർ" (അബൂദാവൂദ്).

ജനങ്ങളുടെ അഭിമാനത്തെ തകർക്കുന്ന, ഒരാൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ അയാളുടെ അസാന്നിധ്യത്തിൽ സംസാരിക്കുന്ന എത്രയോ ആളുകളെ നമുക്ക് കാണാം. ഒരു മൃതശരീരത്തിൽനിന്ന് ഒരു കഷണം എടുത്ത് തിന്നാൽ ആ മയ്യിത്ത് ആ വിവരം അറിയില്ലല്ലോ. മയ്യിത്ത് എന്നത് എല്ലാ കഴിവുകളും നഷ്ടപ്പെട്ട ശരീരമാണ്. ഒന്നും അറിയാനോ ചെയ്യാനോ കഴിയാത്ത ശരീരം! അസാന്നിധ്യത്തിലുള്ള ഒരാളെ പറ്റി അയാൾക്ക് ഇഷ്ടമില്ലാത്തത് പറയുന്നത് അയാൾ കേൾക്കുകയോ അറിയുകയോ ഇല്ല. ഇങ്ങനെ അഭാവത്തിലുള്ള ഒരാളുടെ കുറ്റവും കുറവും പറയുന്നതിനെ മൃതശരീരത്തിൽനിന്നും മാംസമെടുത്ത് തിന്നുന്നതിനോടാണ് ക്വുർആൻ ഉപമിച്ചിട്ടുള്ളത്. അത്തരം ആളുകൾക്ക് ലഭിക്കുന്ന ശിക്ഷയാണ് ഈ ഹദീഥിൽ നാം കാണുന്നത്.

യാത്ര കഴിഞ്ഞു. പ്രഭാതമാകുന്നതിന് മുമ്പ് നബിﷺ തിരിച്ചെത്തി. നേരം പുലർന്നു. നബിﷺ കഅ്ബയുടെ സമീപത്തുള്ള ഹിജ്‌റിൽ ഇരുന്ന് യാത്രാവിവരണം നടത്തി.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഹിജ്‌റിൽ ഞാൻ എന്നെ കാണുകയുണ്ടായി. ക്വുറൈശികൾ എന്നോട് എന്റെ രാപ്രയാണത്തെ പറ്റി ചോദിക്കുന്നുണ്ടായിരുന്നു. ബയ്ത്തുൽ മക്വ്ദിസിനെ പറ്റിയുള്ള പല കാര്യങ്ങളെക്കുറിച്ചും ക്വുറൈശികൾ എന്നോട് ചോദിച്ചു. ഞാൻ അതിനെ (പറ്റി പറയാൻ) സ്ഥൈര്യം ഉള്ളവനായിരുന്നില്ല. അങ്ങനെ ഞാൻ അങ്ങേയറ്റം വിഷമിച്ചു. അതുപോലെ തീരെ ഞാൻ വിഷമിച്ചിട്ടില്ലായിരുന്നു.' നബിﷺ പറയുന്നു: 'അപ്പോൾ അല്ലാഹു എനിക്ക് അതിലേക്ക് നോക്കിക്കാണുന്ന വിധത്തിൽ അതിനെ ഉയർത്തിത്തന്നു. അവർ എന്നോട് അതിനെ പ്പറ്റി ചോദിച്ചില്ല; ഞാൻ അവർക്ക് അതിനെപ്പറ്റി അറിയിച്ചിട്ടല്ലാതെ"(മുസ്‌ലിം).

ഹറമിന്റെ പരിസരത്തുവെച്ച് നബിﷺ ഈ അത്ഭുതയാത്ര വിവരിക്കാൻ തുടങ്ങി. മക്കാമുശ്‌രിക്കുകൾക്ക് അത് ഉൾകൊള്ളുവാൻ സാധിച്ചില്ല. അവർ പരിഹസിച്ചും കളിയാക്കിയും അതിനെ കളവാക്കിയെങ്കിലും ഉറച്ച ഈമാനിന്റെ ഉടമകൾ അതിനെ നിസ്സംശയം സത്യപ്പെടുത്തുകയും ചെയ്തു.

നബിﷺയുടെ യാത്രാവിവരണം കേട്ടപ്പോൾ മക്കക്കാർ അതിന്റെ നിജസ്ഥിതി അറിയാൻ കുറെ ചോദ്യങ്ങൾ ഉന്നയിച്ചു. നബിﷺ യാത്രയിൽ കണ്ട കാഴ്ചകളൊന്നും അവരാരും കണ്ടതല്ലല്ലോ. അതിനാൽ അവർക്ക് അതിനെപ്പറ്റി ചോദിച്ച് നബിﷺ പറയുന്നത് നേരാണോ എന്ന് ഉറപ്പിക്കുക സാധ്യമല്ലായിരുന്നു. അതിനാൽ അവർക്ക് പരിചയമുള്ള ബയ്തുൽ മക്വ്ദിസിനെ പറ്റി അവർ പലതും ചോദിക്കാൻ ആരംഭിച്ചു. അന്നേരം അതിനു മറുപടി പറയാൻ നബിﷺ വിഷമിച്ചിരുന്നു. മറുപടി പറയാതിരുന്നാൽ ശത്രുക്കൾ അത് മുതലെടുക്കുകയും ചെയ്യും. പക്ഷേ, അദ്ദേഹത്തെ നബിയായി തിരഞ്ഞെടുത്ത അല്ലാഹു അദ്ദേഹത്തെ സഹായിച്ചു. ബൈത്തുൽ മക്വ്ദിസ് നബിﷺക്ക് നോക്കിക്കാണും വിധത്തിൽ അല്ലാഹു ഉയർത്തി. അതും ഒരു മുഅ്ജിസത്തായിരുന്നു. അങ്ങനെ അവർ ചോദിക്കുന്ന ഓരോ ചോദ്യത്തിനും ശരിയായ മറുപടി അവിടുന്ന് നൽകി. ഒരു മുഅ്ജിസതിനെ സ്ഥിരപ്പെടുത്താനായി മറ്റൊരു മുഅ്ജിസത് അല്ലാഹു നബിﷺയിലൂടെ പ്രകടമാക്കുന്നു. നബിﷺയുടെ മറുപടി കേട്ടിട്ടും അവർക്ക് വിശ്വസിക്കാൻ മനസ്സ് വന്നില്ല. അവർ അവരുടെ ദുർനടപ്പിൽതന്നെ തുടരുകയാണ് ചെയ്തത്.

> **ക്വുർആൻ പരാമർശിച്ചിട്ടുള്ള സിദ്‌റതുൽ മുൻതഹാ എന്ന അത്ഭുതകരമായ വൃക്ഷത്തെ നബിﷺ കാണുകയുണ്ടായി. അതിൽ തൂങ്ങിക്കിടക്കുന്ന അതിന്റെ ഫലങ്ങൾ വലിയ മൺഭരണി പോലെയും അതിന്റെ ഇലകൾ ആനയുടെ ചെവികൾപോലെയും ആകുന്നു എന്ന് നബിﷺ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഏഴ് ആകാശങ്ങൾക്ക് മീതെ കഅ്ബയുടെ നേരെ മുകളിലായി സ്ഥിതിചെയ്യുന്ന ബയ്തുൽ മഅ്മൂർ എന്ന മഹത്തായ ഭവനത്തെ പറ്റിയും നബിﷺ നമുക്ക് പറഞ്ഞുതന്നു. ആ ഭവനത്തിൽ ഓരോ നിമിഷത്തിലും പ്രവേശിക്കുന്ന മലക്കുകളുടെ സംഖ്യാധിക്യം നബിﷺ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അതുപോലെ സ്വർഗനദിയായ അൽകൗഥറിനെ പറ്റിയും നബിﷺ നമുക്ക് പറഞ്ഞുതന്നു.**

സഹ്റ സുല്ലമിയ്യ
mail@nerpatham.com

ലേഖനം



# ഇതെന്തു ധനം?

**സ്ത്രീ**ധന പീഡനങ്ങൾക്കും കൊലപാതകങ്ങൾക്കും ആത്മഹത്യകൾക്കും ചെറിയ ഇടവേള ഉണ്ടായോ? അതോ പുറത്തറിയാഞ്ഞിട്ടോ?

വീണ്ടും സ്ത്രീധനപീഡന സംഭവങ്ങൾ അരങ്ങേറിക്കോണ്ടിരിക്കുന്നു. മഹത്തായ ഒരു ബന്ധം, പവിത്രമായ, പരിപാവനമായ ആത്മബന്ധം കേവലം പണത്തിനും പണ്ടത്തിനും മറ്റും വേണ്ടി പിച്ചിച്ചീന്തപ്പെടുകയാണ്. ആരൊക്കെയാണ് ഉത്തരവാദികൾ? പുരുഷന്മാർ മാത്രമാണോ? ഒരോ പീഡന, ആത്മഹത്യ വിവരങ്ങൾ അറിയുമ്പോഴും പുരുഷന്മാർ മാത്രമാണോ കുറ്റക്കാർ?

അന്വേഷണം സ്ത്രീകളിലേക്കും നീളുന്നുണ്ടോ? ഉണ്ട്! ഭർത്താവിന്റെ മാതാവിലേക്കും സഹോദരിമാരിലേക്കും നീളുന്നു, അവരെയും കുറ്റക്കാരായി കാണുന്നു, ചോദ്യം ചെയ്യുന്നു, അറസ്റ്റ് ചെയ്യുന്നു. അപ്പോൾ പുരുഷൻ മാത്രമാണോ സ്ത്രീയുടെ ശത്രു? അല്ല സ്ത്രീകളും സ്ത്രീയുടെ ശത്രുവാണ്.

സ്ത്രീധനത്തുക കുറഞ്ഞതിന്റെ പേരിൽ, ആഭരണം കുറഞ്ഞതിന്റെ പേരിൽ, വീടുകളിൽ അമ്മായിയമ്മ എന്ന, നാത്തൂൻ എന്ന സ്ത്രീയുടെ കുത്തുവാക്കുകളും പീഡനങ്ങളും അനുഭവിക്കേണ്ടി വന്ന ഒരുപാട് സംഭവങ്ങൾ നാം കേൾക്കാറുണ്ട്. അപ്പോൾ പുരുഷന്മാരെക്കാൾ സ്ത്രീകൾക്കാണ് മാറ്റം വരേണ്ടത്. പലപ്പോഴും അമ്മായിയമ്മ എന്ന, നാത്തൂൻ എന്ന സ്ത്രീ വർഗമാണ് പുരുഷന്മാരുടെ ചെവിയിൽ മന്ത്രമോതുന്നത്.

ഏതൊരു അമ്മയും ഉമ്മയും തന്റെ മകൾക്ക് ഭർതൃവീട്ടിൽ സുഖമാവണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ... എന്റെ വീട്ടിലേക്ക് മരുമകളായി കടന്നുവരുന്ന കുട്ടി എന്റെ വീട്ടിൽ സുഖമായി ഇരിക്കണമെന്ന് എന്തുകൊണ്ട് ആഗ്രഹിക്കുന്നില്ല?

സ്ത്രീധനം കൊടുക്കാൻ സാധിക്കാത്തതിനാൽ വിവാഹ കമ്പോളങ്ങളിൽനിന്നും പിന്തള്ളപ്പെട്ട്, അവസാനം കുറെ കഷ്ടപ്പെട്ട് സ്ത്രീധനം കൊടുത്ത് മകളെ വിവാഹം ചെയ്തുകൊടുക്കുന്ന ഒരു ഉമ്മ

എന്തുകൊണ്ട് ഞാൻ കഷ്ടപ്പെട്ടതുപോലെ വേറൊരു മാതാവ് കഷ്ടപ്പെടരുതെന്ന് ചിന്തിക്കുന്നില്ല, മറിച്ച്, ഞാൻ കഷ്ടപ്പെട്ടത് പോലെ അവരും കഷ്ടപ്പെടട്ടെ എന്ന് ചിന്തിക്കുന്നു?

മകൾക്ക് സ്ത്രീധനം കൊടുക്കാൻ സഹായാഭ്യർഥനയുമായി എന്റെ അടുത്തുവന്ന സ്ത്രീയോട് ഞാൻ ചോദിച്ചു: 'നിങ്ങൾക്ക് ആൺ മക്കൾ ഉണ്ടോ?' 'ഉണ്ട്!' 'അവരെക്കൊണ്ട് കെട്ടിക്കുമ്പോൾ നിങ്ങൾ സ്ത്രീധനം വാങ്ങുമോ?' 'പിന്നെന്താ, ഞാൻ ഇരട്ടി വാങ്ങും. എന്റെ മകൾക്ക് കൊടുത്തതിന്റെ ഇരട്ടി ഞാൻ വാങ്ങും!'

ഞാൻ ചോദിച്ചു: 'നിങ്ങളുടെ കഷ്ടപ്പാട് നിങ്ങൾക്കറിയില്ലേ? അങ്ങനെ വേറൊരു ഉമ്മ കഷ്ടപ്പെടരുത് എന്നല്ലേ നിങ്ങൾ ചിന്തിക്കേണ്ടത്?' അവരുടെ മറുപടി: 'മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ ഞാനെന്തിനറിയണം?' ഇതാണ് ചില സ്ത്രീകളുടെ മനസ്സ്! അപ്പോൾ സ്ത്രീയുടെ ശത്രു ആരാണ്?

ഞാനൊരിക്കലും സ്ത്രീധനം കൊടുക്കാനുള്ള സഹായം ആർക്കും നൽകാറില്ല. നിഷിദ്ധമായ സ്ത്രീധനം നൽകാൻ സഹായിക്കുന്നതും നിഷിദ്ധമാണ്.

1984ൽ സുഹൈർ ചുങ്കത്തറ എന്നെ കല്യാണം കഴിക്കുമ്പോൾ ഒരു ആഭരണവും ധരിക്കരുത് എന്നായിരുന്നു നിബന്ധന. കാത് പോലും കുത്താത്ത എനിക്കതൊരു പ്രയാസമായിരുന്നില്ല. 1982ൽ പ്രവർത്തനമാരംഭിച്ച ബിസ്മിയുടെ പ്രവർത്തനങ്ങളിൽ കുറേയൊക്കെ സഹായിക്കാനും കൂടെ യാത്ര ചെയ്യാനും ഒരുപാട് അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. സ്ത്രീധനം വാങ്ങാൻ തയ്യാറല്ലാത്ത ഒരുപാട് ചെറുപ്പക്കാർ. എന്നാൽ അവർക്ക് തടസ്സം മാതാപിതാക്കൾ!

'ബാപ്പാനെ എങ്ങനെയെങ്കിലും ശരിയാക്കാം; ഉമ്മാനെയാണ് സഹിക്കാൻ പറ്റാത്തത്' എന്ന് പറയുന്നവർ! ഉമ്മമാരെയും പെങ്ങൻമാരെയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ പലയിടത്തേക്കും യാത്രകൾ... പാതിരവരെ ചർച്ച... എല്ലാം ഇന്നലെ കഴിഞ്ഞപോലെ ഓർക്കുന്നു. സ്ത്രീധനം ഇല്ലാത്തതിന്റെ പേരിൽ വിവാഹം നടക്കാത്ത ധാരാളം മക്കൾ ഉള്ള വീടുകൾ, പെങ്ങന്മാരെ വിവാഹം ചെയ്തയക്കാത്തതിനാൽ വിവാഹം കഴിക്കാതെ നിൽക്കേണ്ടി വരുന്ന പ്രായമുള്ള ആങ്ങളമാർ...

ബിസ്മിയുടെ 'സ്ത്രീധനം വാങ്ങരുത്, പ്രോത്സാഹിപ്പിക്കരുത്' എന്ന മുദ്രാവാക്യം വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കി. ധാരാളം യുവാക്കൾ മുന്നോട്ടുവന്നു. കേരളത്തിലുടനീളം മഹത്തായ മാറ്റങ്ങൾ. എന്നാലും ആഭരണം ചിലർക്ക് പ്രശ്നമായിരുന്നു. 'ആഭരണഭ്രമം വെടിയുക' എന്ന മുദ്രാവാക്യവുമായി മുന്നോട്ടു പോയി. പലർക്കും ആഭരണം ധരിക്കാത്തവരെ മതിയെന്നായി. മഹത്തായ മാറ്റങ്ങൾ...

സ്ത്രീധനത്തെ താങ്ങിനിർത്തുന്നത് വിവാഹ ചെലവാണെന്നതിനാൽ പിന്നീടുള്ള വിപ്ലവം കല്യാണം ലളിതമാക്കുന്നതിലായി. ഉച്ചക്ക് പകരം നാലുമണിക്കല്യാണം. അതും സംഘവിവാഹങ്ങൾ. ചെലവ് ലളിതം. ഒരുപാട് സംഘവിവാഹങ്ങൾ നടന്നു.

കാലം കടന്നുപോയി...

ഞങ്ങളുടെ മക്കൾക്കും വിവാഹപ്രായമായി. മൂത്തമകൾ അമത്തുനൂറും മുണ്ടേരിയിലെ ഞങ്ങളുടെ അമ്മായിയുടെ പേരമകൻ സെമീറുമായുള്ള വിവാഹം. ഞങ്ങൾക്ക് കല്യാണത്തിന് ചെലവ് വെറും 500 രൂപ. സ്ത്രീധനം ഇല്ല, ആഭരണം ഇല്ല, കല്യാണച്ചെലവില്ല, ഇസ്‌ലാമിൽ വിവാഹച്ചെലവ് പുരുഷന്റെ വകയാണല്ലോ. പിന്നെ 500 രൂപ എന്തിന്? പെണ്ണിനെ കൂട്ടിക്കൊണ്ടു പോയപ്പോൾ അവളുടെ ആങ്ങളമാരും അനുജത്തിയും കൂടെ പോയി; ആ വണ്ടി വാടക!

മൂത്തമകൻ അബ്ദുല്ലയുടെ കല്യാണം; വിവാഹ ചെലവും മഹ്റും മറ്റും അവനാണല്ലോ വഹിക്കേണ്ടത്. ലളിത വിവാഹമായതിനാൽ ഞങ്ങൾക്ക് കുറച്ചുകാശേ ചെലവായുള്ളൂ. യാതൊരു ആഭരണവും ധരിക്കരുതെന്ന് ഞങ്ങൾ നിർബന്ധം പറഞ്ഞു. കാതിൽ കമ്മൽ ഉണ്ടെങ്കിൽ അതും ഊരിവെക്കാൻ പറഞ്ഞു. വീട്ടുകാർക്കും കുടുംബക്കാർക്കും അത്ഭുതം. അവൾ ചുങ്കത്തറ നജാത്ത് കോളേജിൽ പഠിച്ചതുകൊണ്ട് അവൾക്ക് ഈ രീതിയെല്ലാം കുറച്ചൊക്കെ പരിചയമുണ്ടായിരുന്നു. അന്ന് അവളുടെ ഉപ്പ ഒരു മുതലാളിയുടെ തോട്ടത്തിലെ കാര്യസ്ഥനായിരുന്നു. ആ മുതലാളി എന്നോട് പറഞ്ഞു: 'ഞങ്ങൾ മുതലാളിമാർ കല്യാണത്തിനാണ് തൊഴിലാളികളെ സഹായിക്കാറ്. നിങ്ങൾ ഒന്നും വേണ്ട എന്ന് പറഞ്ഞാൽ ഞങ്ങൾ എന്താ ചെയ്യുക?' ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'അല്ലാത്ത സമയത്തും സന്ദർഭത്തിലും നിങ്ങൾക്ക് സഹായിക്കാമല്ലോ. എന്തായാലും ഈ സഹായം ഞങ്ങൾക്ക് വേണ്ട.'

അതുപോലെ തന്നെ മറ്റു മക്കളുടെയും കല്യാണങ്ങൾ നടന്നു. എല്ലാവരോടും ഞങ്ങളുടെ നിബന്ധനകൾ പറഞ്ഞു. എല്ലാവരും ഒരുതരി സ്വർണം ധരിക്കാതെ ഞങ്ങളുടെ വീട്ടിലേക്ക് കയറിവന്നു. അൽഹംദുലില്ലാഹ്.

ആഭരണത്തിന്റെ പേരിൽ, വാഹനത്തിന്റെ പേരിൽ, സ്ത്രീധനത്തിന്റെ പേരിൽ, സ്വസ്ഥത നഷ്ടപ്പെടുന്ന, നഷ്ടപ്പെടുത്തുന്നവരെക്കുറിച്ച് കേൾക്കുമ്പോൾ ഞാൻ ആലോചിക്കുക; സ്വന്തം ജീവിതത്തിലേക്ക് എല്ലാ പ്രതീക്ഷകളുമായി കടന്നുവരുന്നവളെ, മക്കൾക്ക് ഉമ്മയാവേണ്ടവളെ, പ്രായമേറിയ മാതാപിതാക്കളെ സംരക്ഷിക്കേണ്ടവളെ എന്തിന് വില പേശണം?

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം



# സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ സുരക്ഷിതയാണ്

ഇസ്‌ലാമിന്റെ ഋജുവായ അധ്യാപനങ്ങളുടെയും യുക്തിഭദ്രമായ നിർദേശങ്ങളുടെയും തണലിൽ മാന്യമായ ജീവിതമാണ് മുസ്‌ലിം സ്ത്രീ നയിക്കുന്നത്. ഭൗതിക ജീവിതത്തിലേക്ക് അവൾ ആഗതമാകുന്ന ആദ്യനാൾ മുതൽ മകൾ, മാതാവ്, ഭാര്യ, സഹോദരി, മാതൃസഹോദരി, പിതൃസഹോദരി തുടങ്ങി അവളുടെ ജീവിതത്തിന്റെ ഓരോഘട്ടങ്ങളിലും നിറഞ്ഞ ബഹുമാനത്തോടും ആദരവോടും കൂടിയാണത്. ജീവിതത്തിലെ ഈ ഓരോ സാഹചര്യത്തിലും അവൾക്ക് പ്രത്യേകമായ അവകാശങ്ങളും സ്നേഹത്തിന്റെയും ബഹുമാനാദരവിന്റെയും വിഹിതവമുമുണ്ട്.

1. പുത്രിയാകുമ്പോൾ: മകളോട് പെരുമാറ്റം നന്നാക്കുവാനും അവളുടെ ആത്മീയ വളർച്ചയിലും പരിപാലനത്തിലും സംസ്കരണത്തിലും ശ്രദ്ധിക്കുവാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. സൽഗുണസമ്പന്നയും പവിത്രയുമായ സ്ത്രീയായി അവൾ

വളരുന്നതിനു വേണ്ടിയാണത്. പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുകയും അവളുടെ ജനനവാർത്തയറിഞ്ഞാൽ നീരസപ്പെടുകയും ചെയ്തിരുന്ന അജ്ഞാന കാലക്കാരെ ഇസ്‌ലാം ശക്തമായി ആക്ഷേപിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

"അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ടുപോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽനിന്ന് അവൻ ഒളിച്ചുകളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത) ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം!" (ക്വുർആൻ 16:58,59).

മുഗീറത്ത് ഇബ്നുശുഅ്ബയിﷺൽനിന്നും നിവേദനം. നബിﷺ പറഞ്ഞു:

"ഉമ്മമാരെ ഉപദ്രവിക്കൽ, താൻ നൽകേണ്ടത് നൽകാതിരിക്കുകയും തനിക്ക് അർഹമല്ലാത്തത് ആവശ്യപ്പെടുകയും ചെയ്യൽ, പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടൽ എന്നിവ അല്ലാഹു നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

ഇബ്നുഹജർ(റഹി) പറയുന്നു: "ഇസ്‌ലാമിനു മുമ്പുള്ള അജ്ഞരായ അറബികൾക്ക് പെൺമക്കളെ വധിക്കുന്നതിൽ രണ്ട് രീതികളായിരുന്നു ഉണ്ടായിരുന്നത്: ഒന്ന്, തന്റെ ഭാര്യയുടെ പ്രസവമടുത്താൽ ഒരു കുഴിയുടെ അരികിൽ പ്രസവിക്കുവാൻ ഭർത്താവ് കൽപിക്കുമായിരുന്നു. ആൺകുഞ്ഞിനെയാണ് പ്രസവിച്ചതെങ്കിൽ അതിനെ നിലനിർത്തും. പെൺകുഞ്ഞിനെയാണ് പ്രസവിച്ചതെങ്കിൽ കുഴിയിൽ അതിനെ ഉപേക്ഷിക്കും. രണ്ട്, കുഞ്ഞിന് ആറു വയസ്സ് പ്രായമായാൽ ചിലർ കുഞ്ഞിന്റെ ഉമ്മയോട് അതിനെ അണിയിച്ചൊരുക്കുവാനും സുഗന്ധം പൂശുവാനും ആജ്ഞാപിക്കും. കുഞ്ഞിനെയും കൊണ്ട് ബന്ധുക്കളെ സന്ദർശിക്കുവാനാണെന്ന വ്യാജേനയാണത് ചെയ്യുന്നത്. ശേഷം അവളെയും കൊണ്ട് മരുഭൂമിയിൽ വിദൂരതയിലുള്ള കിണറിനരികിലേക്ക് പോയി അവളോട് പറയും: 'കിണറിലേക്ക് നോക്കൂ.' അവളെ പിന്നിൽ നിന്ന് അതിലേക്കു തള്ളി മണ്ണിട്ടു മൂടിക്കളയുകയും ചെയ്യും."

എന്നാൽ ഇസ്‌ലാം പെൺകുഞ്ഞിനെ അല്ലാഹുവിൽനിന്നുള്ള മഹത്തായ അനുഗ്രഹവും അമൂല്യമായ ദാനവായ്പുമായാണ് എണ്ണുന്നത്.

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു." (ക്വുർആൻ 42:49,50).

നബിﷺ പറഞ്ഞതായി ഇമാം അഹ്മദ് മുസ്നദിൽ നിവേദനം ചെയ്ത ഹദീഥിൽ ഇപ്രകാരമുണ്ട്:

"ആർക്കെങ്കിലും ഒരു പെൺകുഞ്ഞുണ്ടാവുകയും അവൻ അതിനെ ജീവനോടെ കുഴിച്ചു മൂടാതിരിക്കുകയും അവളെ അപമാനിക്കാതിരിക്കുകയും ആൺകുഞ്ഞിന് അവളെക്കാൾ പ്രാമുഖ്യം കൽപിക്കാതിരിക്കുകയും ചെയ്താൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്."

ഉക്വ്ബത്ത് ഇബ്നുആമിറിﷺൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറയുന്നത് ഞാൻ കേട്ടു: "ആർക്കെങ്കിലും മൂന്ന് പെൺമക്കളുണ്ടാവുകയും അവരുടെ വിഷയത്തിൽ അവൻ ക്ഷമിക്കുകയും അവന്റെ സമ്പാദ്യത്തിൽ നിന്ന് അവരെ ധരിപ്പിക്കുകയും ചെയ്

**ഭാര്യക്ക് ഭർത്താവിനോട് ബാധ്യതയായ സ ഗൗരവമായ അവകാശങ്ങൾ ഉള്ളതുപോലെ ഭർത്താവിന്റെ ബാധ്യതയായി ധാരാളം അവകാശങ്ങൾ അവൾക്ക് ഇസ്‌ലാം നിശ്ചയിച്ചു. മാന്യമായ ദാമ്പത്യ ജീവിതം, ഭക്ഷണവും പാനീയവും വസ്ത്രവും മാന്യമാക്കൽ, മൃദുലമായ പെരുമാറ്റം, അവളുടെ വിഷയത്തിൽ ക്ഷമിക്കൽ, ആദരണീയമായ ഇടപഴകൽ എന്നിവയെല്ലാം ഭാര്യയോട് ഭർത്താവിന് ബാധ്യതയായ അവകാശങ്ങളാണ്. ഭാര്യയെ മതം പഠിപ്പിക്കുക, അവളുടെ വിഷയത്തിൽ അഭിമാനരോഷമുണ്ടാവുക, അവളുടെ അന്തസ്സ് കാത്തുസൂക്ഷിക്കുക, അവളോടുള്ള പെരുമാറ്റം നന്നാക്കുക എന്നിവയും അവൾക്കുള്ള അവകാശമാണ്.**

താൽ അവർ അവന്ന് നരകത്തിൽനിന്ന് മറയായിരിക്കും."

തിരുനബിﷺ പറഞ്ഞതായി ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്നു: "ഒരാൾ രണ്ട് പെൺമക്കളെ പ്രായപൂർത്തിയാകുന്നതുവരെ ചെലവുനൽകി പോറ്റി വളർത്തിയാൽ അയാളും ഞാനും അന്ത്യനാളിൽ വരും- പ്രവാചകൻ തന്റെ വിരലുകൾ ചേർത്തുവെച്ചു."

നബിﷺ പറഞ്ഞതായി ഇമാം അഹ്മദ് മുസ്നദിൽ നിവേദനം ചെയ്യുന്നു:

"ഒരാൾ രണ്ട് പെൺമക്കളെ അല്ലെങ്കിൽ മൂന്ന് പെൺമക്കളെ, രണ്ട് സഹോദരിമാരെ അല്ലെങ്കിൽ മൂന്ന് സഹോദരിമാരെ അവർക്ക് പ്രായപൂർത്തിയാകുന്നതുവരെ അല്ലെങ്കിൽ അയാൾ അവരിൽനിന്ന് മരിച്ചു പോകുന്നതുവരെ ചെലവുനൽകി പോറ്റിവളർത്തിയാൽ അയാളും ഞാനും സ്വർഗത്തിൽ ഇവ രണ്ടും പോലെയായിരിക്കും-നബിﷺ തന്റെ ചൂണ്ടുവിരൽ കൊണ്ടും മധ്യവിരൽകൊണ്ടും വിരലുകൊണ്ടും സൂചിപ്പിച്ചു."

ജാബിർ ഇബ്നുഅബ്ദുല്ല﵁യിൽനിന്ന് ഇമാം ബുഖാരി അദബുൽ മുഫ്റദിൽ നിവേദനം ചെയ്യുന്നു. തിരുദൂതർﷺ പറഞ്ഞു: "ആർക്കെങ്കിലും മൂന്ന് പെൺമക്കളുണ്ടാവുകയും അവർക്ക് അവൻ അഭയം നൽകുകയും അവരെ പോറ്റുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്താൽ അവന് സ്വർഗം നിർബന്ധമായി." ആളുകളിൽ നിന്ന് ഒരു വ്യക്തി ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, രണ്ടു പെൺമക്കളാണെങ്കിലോ?" നബിﷺ പറഞ്ഞു: "രണ്ടു പെൺമക്കളാണെങ്കിലും ശരി."

ആഇശ﵂യിൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു: "നബിﷺയുടെ അടുക്കലേക്ക് ഒരു അഅ്റാബി വന്നു. അയാൾ ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ കുട്ടികളെ ചുംബിക്കുമോ? ഞങ്ങൾ ചുംബിക്കാറില്ല.' നബിﷺ പറഞ്ഞു: 'നിന്റെ ഹൃദയത്തിൽ നിന്ന് കാരുണ്യത്തെ അല്ലാഹു എടുത്ത് മാറ്റിയിട്ടുണ്ടെങ്കിൽ നിനക്കായി ഞാൻ അത് ഉടമപ്പെടുത്തുകയോ?"

2. ഉമ്മയാകുമ്പോൾ: ഉമ്മയാകുന്ന അവസ്ഥയിൽ സ്ത്രീക്ക് പ്രത്യേകവും മഹനീയവുമായ ആദരവ് നൽകുവാനാണ് ഇസ്‌ലാമിന്റെ ആഹ്വാനം. മാതാവിന് പുണ്യം ചെയ്യുക, അവരോട് നന്മയിൽ വർത്തിക്കുക, അവർക്ക് സേവനം ചെയ്യുന്നതിനു പരിശ്രമിക്കുക, അവർക്കു വേണ്ടി ദുആ ചെയ്യുക, ഒരു നിലക്കുള്ള ഉപദ്രവങ്ങൾക്കും അവരെ വിധേയമാക്കാതിരിക്കുക, ഏറ്റവും നല്ല സഹചാരിയോടും ഏറ്റവും നല്ല കൂട്ടുകാരനോടുമുള്ള പെരുമാറ്റം അവരോടാവുക. അല്ലാഹു പറഞ്ഞു:

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു" (ക്വുർആൻ 46:15).

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽവെച്ച് വാർധക്യം പ്രാപിക്കുക



യാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 17: 23,24).

അബൂഹുറയ്‌റ(رضي الله عنه)യിൽനിന്ന് നിവേദനം; ചോദിക്കപ്പെട്ടു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ പുണ്യം ചെയ്യേണ്ടത് ആർക്കാണ്?' തിരുമേനി(ﷺ) പറഞ്ഞു: 'നിന്റെ മാതാവിന്.' ചോദിച്ചു: 'പിന്നീട് (പുണ്യം ചെയ്യേണ്ടത്) ആർക്കാണ്?" തിരുമേനി(ﷺ) പറഞ്ഞു: 'നിന്റെ മാതാവിന്.' ചോദിച്ചു: 'പിന്നീട് ആർക്കാണ്?' തിരുമേനി(ﷺ) പറഞ്ഞു: 'നിന്റെ പിതാവിന്.'

അബ്ദുല്ലാഹ് ഇബ്നു അംറി(رضي الله عنه)ൽനിന്ന് അബൂദാവൂദും ഇബ്നുമാജയും നിവേദനം: "ഹിജ്‌റയുടെ വിഷയത്തിൽ പ്രതിജ്ഞ ചെയ്യുവാൻ ഒരു വ്യക്തി നബി(ﷺ)യുടെ അടുക്കലേക്കു വന്നു. അയാൾ തന്റെ മാതാപിതാക്കളെ കരയുന്ന നിലയിലാണ് വിട്ടേച്ചു പോന്നത്. നബി(ﷺ) പറഞ്ഞു: 'അവരിലേക്ക് തിരിച്ചു ചെല്ലുകയും അവരെ കരയിച്ചതു പോലെ അവരെ ചിരിപ്പിക്കുകയും ചെയ്യുക."

ഇബ്നു മസ്ഊദി(رضي الله عنه)ൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു: "കർമങ്ങളിൽ അല്ലാഹുവിന് ഏതാണ് ഏറ്റവും ഇഷ്ടകരമെന്ന് ഞാൻ നബി(ﷺ)യോട് ചോദിച്ചു. അവിടുന്ന് പ്രതികരിച്ചു: 'നമസ്‌കാരം അതിന്റെ സമയത്ത് നിർവഹിക്കലാണ്.' ഞാൻ ചോദിച്ചു: 'പിന്നീട് ഏതാണ്?' നബി(ﷺ) പറഞ്ഞു: 'മാതാപിതാക്കൾക്ക് പുണ്യം ചെയ്യലാണ്.' ഞാൻ ചോദിച്ചു: 'പിന്നീട് ഏതാണ്?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാണ്.'


മാതാപിതാക്കളെ ദ്രോഹിക്കുന്നതിനെതൊട്ടും ഏതെങ്കിലും നിലയ്ക്കുള്ള ഉപദ്രവങ്ങൾ അവർക്ക് ഏൽപിക്കുന്നതിനെതൊട്ടും ഇസ്‌ലാം ശക്തമായി മുന്നറിയിപ്പ് നൽകുകയും അന്ത്യനാളിൽ വിചാരണ ചെയ്യപ്പെടുന്ന ദ്രോഹമായി അതിനെ എണ്ണുകയും ചെയ്തു. എന്നു മാത്രമല്ല വൻപാപങ്ങളിൽ അതിനെ ഗണിക്കുകയും ചെയ്തു.

അബൂബക്‌റി(رضي الله عنه)ൽനിന്നും ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു; തിരുദൂതർ(ﷺ) പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് മഹാപാപങ്ങളെക്കുറിച്ച് അറിയിച്ചുതരട്ടെയോ?' (മൂന്നുതവണ തിരുമേനി ഇത് ആവർത്തിച്ചു) അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അതെ.' നബി(ﷺ) പറഞ്ഞു: 'അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ.' ചാരിയിരിക്കുകയായിരുന്ന തിരുമേനി(ﷺ) നേരെയിരുന്ന ശേഷം പറഞ്ഞു: 'അറിയുക, കള്ളം പറയൽ; അറിയുക, കള്ളസാക്ഷ്യം നിർവഹിക്കൽ.' തിരുമേനി(ﷺ) അത് ആവർത്തിച്ചുകൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ ഞങ്ങൾ പറഞ്ഞുപോയി: 'തിരുമേനി(ﷺ) മൗനം ദീക്ഷിച്ചുവെങ്കിൽ!' (ബുഖാരി, മുസ്‌ലിം).

അലി(رضي الله عنه)യിൽനിന്ന് ഇമാം മുസ്‌ലിം നിവേദനം; നബി(ﷺ) പറഞ്ഞു: "തന്റെ മാതാപിതാക്കളെ ശപിച്ചവരെ അല്ലാഹു ശപിച്ചിരിക്കുന്നു."

3. ഭാര്യയാകുമ്പോൾ: സ്ത്രീ ഭാര്യയാകുമ്പോൾ അവരെ ആദരിക്കുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിച്ചു. ഭാര്യക്ക് ഭർത്താവിനോട് ബാധ്യതയായ സൗരവമായ അവകാശങ്ങൾ ഉള്ളതുപോലെ ഭർത്താവിന്റെ ബാധ്യതയായി ധാരാളം അവകാശങ്ങൾ അവൾക്ക് ഇസ്‌ലാം നിശ്ചയിച്ചു. മാന്യമായ ദാമ്പത്യ ജീവിതം, ഭക്ഷണവും പാനീയവും വസ്ത്രവും മാന്യമാക്കൽ, മൃദുലമായ പെരുമാറ്റം, അവളുടെ വിഷയത്തിൽ ക്ഷമിക്കൽ, ആദരണീയമായ ഇടപഴകൽ എന്നിവയെല്ലാം ഭാര്യയോട് ഭർത്താവിന് ബാധ്യതയായ അവകാശങ്ങളാണ്. ഭാര്യയോട് ഉത്തമമായി വർത്തിക്കുന്നവനാണ് ഇസ്‌ലാമിൽ ജനങ്ങളിലെ ഏറ്റവും ഉത്തമൻ. ഭാര്യയെ മതം പഠിപ്പിക്കുക, അവളുടെ വിഷയത്തിൽ അഭിമാനരോഷമുണ്ടാവുക, അവളുടെ അന്തസ്സ് കാത്തുസൂക്ഷിക്കുക, അവളോടുള്ള പെരുമാറ്റം നന്നാക്കുക എന്നിവയും അവൾക്കുള്ള അവകാശമാണ്. ഭാര്യക്കുള്ള അവകാശങ്ങളെ മൊത്തത്തിൽ അറിയിക്കുന്ന വചനങ്ങളിൽപെട്ടതാണ് "അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്" (ക്വുർആൻ 4:19) എന്നത്.

ഭാര്യയുടെ അവകാശങ്ങളെ പരിഗണിക്കുന്നതിനെയും പരിപാലിക്കുന്നതിനെയും അരക്കിട്ടുറപ്പിക്കുന്ന വിഷയത്തിൽ ധാരാളം ഹദീഥുകൾ വന്നിട്ടുണ്ട്. അബൂഹുറയ്‌റ(رضي الله عنه)യിൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്ന ഹദീഥ് അതിൽ പെട്ടതാണ്. അല്ലാഹുവിന്റെ തിരുദൂതർ(ﷺ) പറഞ്ഞു: "സ്ത്രീകളോട് നന്മയിൽ വർത്തിക്കണമെന്ന വസ്വിയ്യത്ത് നിങ്ങൾ സ്വീകരിക്കുക. നിശ്ചയം, സ്ത്രീ



വാരിയെല്ലിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വാരിയെല്ലുകളിൽ ഏറ്റവും വളഞ്ഞത് മീതെയുള്ളതാകുന്നു. താങ്കൾ അത് നേരെയാക്കിയാൽ അതിനെ പൊട്ടിക്കും. താങ്കൾ അതിനെ വിട്ടേക്കുകയാണെങ്കിലോ അത് വളഞ്ഞു തന്നെയിരിക്കും. അതിനാൽ സ്ത്രീകളോട് നന്മയിൽ വർത്തിക്കണമെന്ന വസ്വിയ്യത്ത് നിങ്ങൾ സ്വീകരിക്കുക."

ഇമാം നവവി(റഹി) പറഞ്ഞു: "സ്ത്രീകളോടു മൃദുലമായി പെരുമാറണമെന്നും നന്മയിൽ വർത്തിക്കണമെന്നും അവരുടെ വക്രസ്വഭാവങ്ങളിലും ദുർബല ബുദ്ധിയുടെ സാധ്യതയിലും ക്ഷമയവലംബിക്കണമെന്നും അകാരണമായി അവരെ ത്വലാക്വ് ചൊല്ലൽ വെറുക്കപ്പെട്ടതാണെന്നും അവർ നേരെ നിലകൊള്ളുവാൻ അത്യാർത്തി കാണിക്കരുതെന്നും ഈ ഹദീഥ് അറിയിക്കുന്നു."

അബൂഹുറയ്റ(റ)യിൽനിന്ന് ഇമാം അഹ്മദും അബൂദാവൂദും തുർമുദിയും നിവേദനം ചെയ്യുന്നു; അല്ലാഹുവിന്റെ തിരുദൂതർ(സ) പറഞ്ഞു: "സത്യവിശ്വാസികളിൽ വിശ്വാസം പൂർണമായവൻ അവരിൽ ഏറ്റവുംനല്ല സ്വഭാവക്കാരനാണ്. തങ്ങളുടെ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ."

ജാബിർ ഇബ്നുഅബ്ദില്ല(റ)യിൽനിന്ന് ഇമാം മുസ്‌ലിം നിവേദനം; അല്ലാഹുവിന്റെ തിരുദൂതർ(സ) തന്റെ വിടവാങ്ങൽ ഹജ്ജിലെ പ്രസംഗത്തിൽ പറഞ്ഞു:

"സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. കാരണം അല്ലാഹുവിന്റെ കരാറിലാണ് നിങ്ങൾ അവരെ സ്വീകരിച്ചത്. അല്ലാഹുവിന്റെ വചനം(സാക്ഷ്യവചനങ്ങൾ) കൊണ്ടാണ് നിങ്ങൾ അവരുടെ ലൈംഗികാവയവങ്ങളെ അനുവദനീയമാക്കിയത്. നിങ്ങൾക്ക് അനിഷ്ടമുള്ള ആരെയും നിങ്ങളുടെ വിരിപ്പിൽ ചവിട്ടിക്കാതിരിക്കുകയെന്നത് അവരുടെമേൽ നിങ്ങൾക്കുള്ള അവകാശമാകുന്നു. അവർ അപ്രകാരം ചെയ്താൽ മുറിവേൽപ്പിക്കാത്ത നിലയിൽ നിങ്ങൾ അവരെ അടിക്കുക. മാന്യമായ നിലക്ക് അവർക്കുള്ള ഉപജീവനവും വസ്ത്രവും നിങ്ങളുടെ മേൽ ബാധ്യതയാണ്" (മുസ്‌ലിം).

ഈ ഹദീഥിലെ,'നിങ്ങൾക്ക് അനിഷ്ടമുള്ള ആരെയും നിങ്ങളുടെ വിരിപ്പിൽ അവർ ചവിട്ടിക്കാതിരിക്കുക' എന്നതിന്റെ ഉദ്ദേശ്യം, നിങ്ങളുടെ ഭവനങ്ങളിൽ പ്രവേശിക്കുന്നതിലും നിങ്ങളുടെ താമസസ്ഥലങ്ങളിൽ കയറിയിരിക്കുന്നതിലും നിങ്ങൾക്ക് അനിഷ്ടമായ ഒരാൾക്കും അത് ആണാകട്ടെ പെണ്ണാകട്ടെ, അവർ അനുവാദം നൽകാതിരിക്കുക എന്നതാണ്.

അബൂഹുറയ്റ(റ)യിൽനിന്ന് ഇമാം മുസ്‌ലിം നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: "ഒരു വിശ്വാസിയും വിശ്വാസിനിയോട് കോപിക്കരുത്. അവളിൽനിന്ന് ഒരു സ്വഭാവം അവൻ വെറുത്താൽ അവളിൽനിന്ന് മറ്റൊന്ന് അല്ലെങ്കിൽ അതൊഴികെയുള്ളത് അവൻ ഇഷ്ടപ്പെടും."

തനിക്ക് അനിഷ്ടകരമായ ഒരു സ്വഭാവം തന്റെ ഭാര്യയിൽ ഒരാൾ കണ്ടാൽ അവളിൽതന്നെ ഉൽകൃഷ്ട സ്വഭാവങ്ങളും മാന്യമായ പെരുമാറ്റങ്ങളും ധാരാളമായുണ്ട് എന്നത് ഓർക്കേണ്ടതുണ്ട്.

ആഇശ(റ)യിൽനിന്ന് ഇമാം അഹ്മദും അബൂദാവൂദും തുർമുദിയും നിവേദനം. അല്ലാഹുവിന്റെ തിരുദൂതർ(സ) പറഞ്ഞു: "നിശ്ചയം സ്ത്രീകൾ പുരുഷന്മാർക്ക് ശക്വാഇക്വ് (സ്വഭാവങ്ങളിലും പ്രകൃതിയിലും സമന്മാർ) ആകുന്നു." ഇബ്നുൽ അഥീർ പറഞ്ഞു: "അഥവാ സ്വഭാവങ്ങളിലും പ്രകൃതിയിലും സമന്മാരും തുല്യരുമാകുന്നു. സ്ത്രീകൾ പുരുഷന്മാരിൽനിന്ന് അടർത്തിയെടുക്കപ്പെട്ടത് പോലെയാണ്. കാരണം ആദമി(അ)ൽനിന്നാണ് ഹവ്വാഅ് സൃഷ്ടിക്കപ്പെട്ടത്. ഒരു വ്യക്തിയുടെ ശക്വീക്വ് എന്നാൽ അയാളുടെ പിതാവിലും മാതാവിലും ഒത്ത പൂർണ സഹോദരൻ എന്നാണ്. അതിന്റെ ബഹുവചനം അശിക്വാഅ് എന്നാണ്."

പെരുമാറ്റം നന്നാക്കുവാനും സഹവർത്തിത്വം മെച്ചപ്പെടുത്തുവാനും മൃദുലമായി പെരുമാറുവാനും സുകൃതം ചെയ്യുവാനുമുള്ള ആഹ്വാനമാണ് സുവ്യക്തമാം വിധം ഈ തിരുമൊഴിയിലടങ്ങിയിട്ടുള്ളത്.

സുലൈഖ അബൂബക്കർ എംഎസ്സി
mail@nerpatham.com





# കുടുംബ ജീവിതം; അതിൽ സ്ത്രീക്കുള്ള പങ്ക്

(1971 ഫെബ്രുവരിയിൽ പുറത്തിറങ്ങിയ സൽസബീൽ ത്രൈമാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം)

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണല്ലോ. അവന്ന് ജീവിതത്തിൽ പല പടികളും കടന്നു പോകേണ്ടതുണ്ട്. അതിൽ പ്രാധനമായ ഒന്നാണ് വൈവാഹിക ജീവിതം. നബി തിരുമേനി ഉപദേശിക്കുന്നത് നോക്കുക: "നിങ്ങളിൽ (കായികമായും സാമ്പത്തികമായും) ശേഷിയുള്ളവർ വിവാഹം കഴിക്കട്ടെ. കണ്ണുകളെ നിയന്ത്രിക്കുന്നതിന്നും ചാരിത്ര്യം സുരക്ഷിതമാക്കുന്നതിനും അതത്രെ ഏറ്റവും ഉത്തമമായിട്ടുള്ളത്."

പരിപാവനവും മനുഷ്യസമുദായത്തിന്റെ നിലനിൽപിന്ന് അത്യാവശ്യവുമായ കുടുംബ ജീവിതത്തിന്റെ ആരംഭം കുറിക്കുന്നത് വിവാഹത്തോടുകൂടിയാണല്ലോ. ഒരു പുരുഷന്നുവേണ്ടിയോ സ്ത്രീക്കുവേണ്ടിയോ വിവാഹത്തിന്നുവേണ്ടി ഇണയെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവം, സംസ്കാരം, ആദർശം, പാരമ്പര്യം, ആരോഗ്യം എന്നിവയിൽ

അവർക്കുള്ള യോജിപ്പ് കണക്കിലെടുക്കേണ്ടതാണ്. സൂറതുൽ ബക്വറയിൽ അല്ലാഹു പറയുന്നു: "ബഹുദൈവാരാധകരായ സ്ത്രീകൾ വിശ്വസിക്കുന്നതുവരെ അവരെ നിങ്ങൾ വിവാഹം ചെയ്യരുത്. ബഹുദൈവാരാധകയായ സ്ത്രീ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും അവളെക്കാൾ നല്ലത് (ഇസ്‌ലാമിൽ) വിശ്വസിക്കുന്ന അടിമ സ്ത്രീയാകുന്നു. ബഹുദൈവാരാധകരായ പുരുഷന്മാർ വിശ്വസിക്കുന്നതുവരെ അവർക്ക് നിങ്ങൾ (നിങ്ങളുടെ പെൺകുട്ടികളെ) വിവാഹം ചെയ്തുകൊടുക്കരുത്. ബഹുദൈവാരാധകനായ പുരുഷൻ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും അവനെക്കാൾ നല്ലത് (ഇസ്‌ലാമിൽ) വിശ്വസിക്കുന്ന അടിമയാകുന്നു."

മനുഷ്യസമൂഹത്തിൽ സ്ത്രീകൾക്ക് അവഗണിക്കാൻ സാധിക്കാത്ത സ്ഥാനമാണുള്ളത്. കുടുംബജീവിതത്തിൽ സ്ത്രീകൾ പ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ടെന്ന് ആരും സമ്മതിക്കുമല്ലോ. ഭാര്യയും ഭർത്താവും ജീവിതത്തിൽ തുല്യപങ്കാളികളാണ്. അവർ സ്നേഹമാകുന്ന ചങ്ങലകൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ സ്നേഹം പലപ്പോഴും രണ്ട് വ്യത്യസ്ത സ്വഭാവങ്ങളെ കൂട്ടിയിണക്കുകയാണ് ചെയ്യുന്നത്. ആ ചങ്ങല പൊട്ടിപ്പോകാതിരിക്കാൻ രണ്ടുപേരും പരിശ്രമിക്കുകതന്നെ വേണ്ടിവരും.

കുടുംബജീവിതത്തിൽ സ്ത്രീക്കു പല കടമകളും നിർവഹിക്കേണ്ടതായിട്ടുണ്ട്. ഗൃഹഭരണത്തിലും സന്താനപരിപാലനത്തിലും അവൾ വളരെയധികം ശ്രദ്ധിക്കാനുണ്ട്. ഭർത്താവിനെ ആത്മാർഥമായി സ്നേഹിക്കുകയും ആദരിക്കുകയും വേണം. ഭർത്താവും ഭാര്യയും വ്യത്യസ്ത സ്വഭാവക്കാരായിരിക്കാം. അതുകൊണ്ട് സന്ദർഭവും സമയവും അനുസരിച്ച് പെരുമാറാൻ രണ്ടുപേരും ഒരുങ്ങേണ്ടിവരും. ഓരോ ഭാര്യയും തന്റെ ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. സന്തോഷത്തിലും സന്താപത്തിലും പങ്കാളികളാകണം. അവൾ സർവവും തന്റെ ഭർത്താവിന്റെ ആത്മതൃപ്തിക്ക് വേണ്ടി ആത്മാർപ്പണം ചെയ്യാൻ (അല്ലാഹുവിന്നും റസൂലിന്നും എതിരായ കാര്യമല്ലെങ്കിൽ) സന്നദ്ധയാവണം. ഇതോടെ സ്നേഹധന്യമായ ഒരു കുടുംബത്തിന്റെ അസ്തിവാരംകൂടി സ്ഥാപിക്കാൻ കഴിയും. സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനും പറ്റിയൊരു ഭർത്താവിനെ കിട്ടുകയെന്നതായിരിക്കും ഈ ജീവിതത്തിൽ ഒരു സ്ത്രീക്കുള്ള ഏറ്റവും വലിയ ഭാഗ്യം. സ്നേഹിക്കുന്നവരുടെ ആത്മസംതൃപ്തിയും ആനന്ദവുമായിരിക്കണം സ്നേഹിക്കുന്നപ്പെടുന്നവരുടെ ലക്ഷ്യം.

ജീവിതകാലം മുഴുവൻ ഔദാര്യം കാണിച്ച ഒരു ഭർത്താവിന് ഒരിക്കൽ സ്ത്രീ ആഗ്രഹിച്ച ഔദാര്യത്തിൽ വല്ല വീഴ്ചയും പറ്റിയെങ്കിൽ അവൾ അവനെ ഒരിക്കലും കുറ്റപ്പെടുത്തരുത്. ഇക്കാര്യത്തിൽ നബിതിരുമേനിﷺ അരുളിയത് നോക്കാം: "എനിക്ക് അല്ലാഹു നരകത്തെ കാണിച്ചുതന്നു. നോക്കുമ്പോൾ അതിലെ കുറ്റവാളികളിൽ അധികം സ്ത്രീകളാണ്. കാരണം അവൾ നിഷേധിക്കുന്നവരാണ്. അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ ഔദാര്യങ്ങളെ നിഷേധിച്ചുകളയും. ആ ഔദാര്യങ്ങളോട് നന്ദി കാണിക്കുകയില്ല. ജീവിതകാലം മുഴുവൻ നീ ഒരു സ്ത്രീക്ക് പല നന്മകളും ചെയ്തുകൊടുത്തു. എന്നിട്ട് അവളുടെ ഹിതത്തിന്നു യോജിക്കാത്ത വല്ലതും നീ പ്രവർത്തിച്ചതായി അവൾ കണ്ടാൽ അവൾ പറയും: നിങ്ങൾ എനിക്ക് ഒരു നന്മയും ചെയ്തു തന്നിട്ടില്ല."

ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരോട് എത്രത്തോളം നന്ദി കാണിക്കണമെന്ന് ഇതിൽനിന്നു മനസ്സിലാക്കാമല്ലോ.

സ്ത്രീകൾക്ക് അവരുടെ ഭർത്താക്കന്മാരോട് പല കടമകളും ഉണ്ട്. അവൾ എപ്പോഴും അദ്ദേഹത്തോട് അനുസരണശീലമുള്ളവളായിരിക്കണം. ഗൃഹമാകുന്ന കൊച്ചുരാജ്യത്തെ നന്നായി ഭരിക്കേണ്ടത് ഓരോ സ്ത്രീയുടെയും ചുമതലയാണ്. എല്ലാ കാര്യങ്ങളും ഭർത്താവുമായുള്ള യോജിപ്പോടുകൂടി വേണം ചെയ്യാൻ. നബിതിരുമേനിﷺ അരുളുന്നു: "ഒരു സ്ത്രീക്ക് അവളുടെ ഭർത്താവിന്റെ അനുവാദം കൂടാതെ സുന്നത്ത് നോമ്പ് നോൽക്കാൻ പാടില്ല. അദ്ദേഹത്തിന്റെ അനുവാദം കൂടാതെ ഒരന്യനെ വീട്ടിൽ പ്രവേശിപ്പിക്കുവാനും പാടില്ല. അദ്ദേഹത്തിന്റെ അനുമതികൂടാതെ അവൾ ചെലവഴിച്ച ഏതൊന്നിന്റെയും പ്രതിഫലത്തിൽ പകുതി അദ്ദേഹത്തിന്നു ലഭിക്കും."

ഒരു കുടുംബിനിക്ക് ഗൃഹഭരണത്തിൽ വളരെയധികം കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്. ശുചിത്വം അതിൽ പ്രധാനപ്പെട്ട ഒന്നാണ്. എല്ലാറ്റിനും പ്രത്യേക വ്യവസ്ഥയും ക്രമവും ഉണ്ടായാൽ മാത്രമെ സൗകര്യത്തോടെ പ്രവർത്തികൾ ചെയ്തുതീർക്കാനും സമയം ലാഭിക്കാനും കഴിയുകയുള്ളൂ. ക്രമരാഹിത്യം അനാകർഷണീയവും അസൗകര്യവും കൂടിയാണ്. വീടും പരിസരവും മറ്റു സാധനങ്ങളും ശു

ചിയാക്കിവെക്കുന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇസ്‌ലാം ഉപദേശിക്കുന്നത് ശ്രദ്ധിക്കുക: "ശുദ്ധി സത്യവിശ്വാസത്തിന്റെ അർധ ഭാഗമാണ്."

ഭർത്താവിന്റെ വരവിനനുസരിച്ച് മാത്രം ചെലവഴിക്കാൻ സ്ത്രീകൾ ഒരുങ്ങേണ്ടതുണ്ട്. കുടുംബത്തിൽ സാമ്പത്തികഭദ്രത കൈവരുത്തുന്നതിൽ സ്ത്രീകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അത്യാവശ്യങ്ങൾക്കു തന്നെ വിഷമിക്കുന്ന ഗൃഹനാഥനെ ആവശ്യങ്ങളുടെയും അനാവശ്യങ്ങളുടെയും പട്ടിക കാണിച്ച് ബുദ്ധിമുട്ടിക്കുന്നത് ഭൂരിപക്ഷം കുടുംബങ്ങളിലും കാണാൻ കഴിയുന്നതാണ്. എന്ത് ബുദ്ധിമുട്ട് സഹിച്ചാലും ആഡംബരത്തിന്റെ പേരിലുള്ള അഭിമാനത്തിന്നുവേണ്ടി മാത്രം ശ്രമിക്കുന്ന സ്ത്രീകളെ നമ്മുടെ ഇടയിൽത്തന്നെ കാണാം. കുടുംബനീതി തകരാറിലാകുന്നത് അവർക്കൊരു പ്രശ്നമേ അല്ല.

ഭാര്യാഭർത്താക്കന്മാർ അന്യോന്യം സഹായിച്ചുംകൊണ്ട് നീങ്ങാതിരുന്നാൽ അത് അവരുടെ കുടുംബനാശത്തിലേക്കായിരിക്കും വഴിതെളിയിക്കുക. സൂറതുത്തൗബയിൽ അല്ലാഹു പറയുന്നു: "വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരിൽനിന്നും ഒരു കൂട്ടർ മറ്റേ കൂട്ടർക്ക് സഹായികളാണ്. അവർ സൽകർമങ്ങൾ ഉപദേശിക്കുകയും ചീത്തസംഗതി വിരോധിക്കുകയും നമസ്കാരം നിർവഹിക്കുകയും നിർബന്ധദാനം നൽകുകയും അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കുകയും ചെയ്യുന്നതാണ്. അവരോട് അല്ലാഹു കരുണകാണിക്കും. അല്ലാഹു അഗാധജ്ഞനും പ്രതാപശാലിയുമത്രെ."

മാതാവെന്ന നിലയിലും സ്ത്രീ കുടുംബത്തിൽ സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. ചെറുപ്പത്തിൽതന്നെ കുട്ടികളുടെ സ്വഭാവസംസ്കരണത്തിനും മറ്റും ശ്രദ്ധിക്കേണ്ടത് മാതാക്കളാണ്. ജനിച്ചുവളരുന്ന സംസ്കാരിക ചുറ്റുപാടുകളാണ് അവരുടെ സ്വഭാവം രൂപപ്പെടുത്തുന്നത്. നബിതിരുമേനി പറയുന്നു: "ഓരോ കുട്ടിയും പ്രകൃതിമതത്തിൽ ജനിക്കുന്നു. അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനോ ക്രിസ്ത്യനോ മജൂസിയോ ആക്കുന്നത്.'

ഗൃഹാന്തരീക്ഷം നല്ലതല്ലെങ്കിൽ വിദ്യാലയങ്ങൾ മഹത്തരമായിരുന്നിട്ടു വലിയ പ്രയോജനമൊന്നുമില്ല. മാതൃപാദത്തിന്നടിയിലാണ് സ്വർഗം എന്ന് തിരുമേനിﷺ അരുളിയിട്ടുണ്ടല്ലോ.

കുട്ടികളെ നല്ലരീതിയിൽ വളർത്തുന്നതിൽ മാതാക്കൾക്കുള്ള പങ്ക് മറ്റൊരാൾക്കും ഇല്ല. അവർക്ക് മതപരവും ഭൗതികവുമായ വിദ്യാഭ്യാസം നൽകിയാൽ മാത്രമെ ഇസ്‌ലാമിന്നു ഭംഗം വരാതിരിക്കുകയുള്ളൂ. മതഭക്തിയും മതനിഷ്ഠയും നമ്മുടെ ഇടയിൽ നശിച്ചുകൊണ്ടിരിക്കാൻ ഒരു കാരണം രക്ഷിതാക്കളുടെ അശ്രദ്ധയാണ്. കുട്ടികളെ കൃത്യമായും ക്രമമായും നമസ്കരിപ്പിക്കുന്നതിലും ദീനിയായ ജീവിതം നയിക്കുന്നതിലും ഇസ്‌ലാമിക വിജ്ഞാനം നൽകുന്നതിലും രക്ഷിതാക്കൾ വളരെയധികം ശ്രദ്ധചെലുത്തേണ്ടതാണ്. മാതാപിതാക്കൾ കുട്ടികളോട് ഒരിക്കലും കളവു പറയരുത്.

നമ്മുടെ സമുദായം നന്നാവണമെങ്കിൽ ആദ്യമായി സ്ത്രീസമൂഹത്തെ ശരിക്ക് വളർത്തിയെടുക്കണം. അവർക്ക് ഭൗതികവും മതപരവുമായ വിദ്യാഭ്യാസം നൽകണം. ഭൗതിക വിദ്യാഭ്യാസം മാത്രം നൽകുന്നത് കൊണ്ടാണ് ഇസ്‌ലാമിക സംസ്കാരത്തെ സംരക്ഷിക്കുന്നതിന് പറ്റിയ പരിശീലനങ്ങൾ അവൾക്ക് കിട്ടാത്തത്.

സ്ത്രീകൾക്ക് അവരുടെ പ്രധാന ജോലിയായ ഗൃഹഭരണം, സന്താന പരിപാലനം എന്നിവക്ക് പുറമെ അവർക്ക് ഉദ്യോഗസ്ഥകളാവാനും കഴിയുമെങ്കിൽ വളരെ നല്ലത് തന്നെ. അങ്ങനെ സാധിച്ചാൽ നമ്മുടെ കുടുംബത്തിന്നും സമുദായത്തിന്നും വളരെയധികം ഗുണങ്ങൾ ചെയ്യാൻ അവർക്ക് കഴിഞ്ഞെന്നുവരും. പക്ഷേ, ഇന്ന് ഉദ്യോഗസ്ഥകളിൽ അധികംപേർക്കും ഗൃഹഭരണം അജ്ഞാതമാണ്. പുരുഷനും കുടുംബത്തിൽ വളരെ ചുമതലകളും കടമകളും നിർവഹിക്കാനുണ്ട്. അവന്റെ ഭാര്യയോടും കുട്ടികളോടും അവന്നുള്ള കടമകൾ വലിയതാണ്. അവൻ ഭാര്യയോട് സ്നേഹത്തോടും സൗമ്യതയോടും കൂടി പെരുമാറേണ്ടതാണ്. നബിതിരുമേനിﷺ അരുളുന്നു: "വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നെങ്കിൽ അവൻ തന്റെ അയൽവാസികളെ ഉപദ്രവിക്കാതിരിക്കട്ടെ. സ്ത്രീകളുമായി നിങ്ങൾ നല്ല നിലയിൽ വർത്തിക്കുക. വാരിയെല്ലുകൊണ്ടാണ് അവരെ സൃഷ്ടിച്ചിട്ടുള്ളത്. വാരിയെല്ലുകളിൽ വെച്ച് ഏറ്റവും വളഞ്ഞത് ഏറ്റവും മീതെയുള്ളതാണ്. അതുകൊണ്ട് നീ അതിന്റെ വളവുപോക്കാൻ ശ്രമിക്കുന്ന പക്ഷം അത് പൊട്ടുകയായിരിക്കും ഫലം. നീ, അതിനെ അതിന്റെ വഴിക്ക് വിടുകയാണെങ്കിലോ അത് വളഞ്ഞുതന്നെ ഇരിക്കുകയും ചെയ്യും."

സീനത്ത് അലി എടത്തനാട്ടുകര
mail@nerpatham.com

കവിത



# പറിച്ചുനടുമ്പോൾ...

ആഴ്ന്നിറങ്ങിയ വേരുകൾ
പറിച്ചെടുത്ത്
ആടയാഭരണങ്ങൾ
അണിയിച്ചെന്നെ
ഇറക്കിവിടുമ്പോൾ
ഉമ്മയ്ക്കൊപ്പം
മുറ്റത്തെ തെച്ചിയും തുമ്പയും
മിഴി തുടയ്ക്കുന്നുണ്ടായിരുന്നു.
പടിയ്ക്കൽ കാത്തു-
നിൽക്കുന്നു വാഹനം!
പുതുമോടികൾക്കൊരു
പണയസമ്മാനം,
താതൻ നൽകും
പ്രിയ സമ്മാനം!
യാത്ര തുടങ്ങിയപ്പോൾ...
നീങ്ങിത്തുടങ്ങിയ
വാഹനത്തിലിരുന്നൊരു
പിൻകാഴ്ച കണ്ടു ഞാൻ;
നുകമിറക്കിവെച്ച
നാൽക്കാലിയെപ്പോലെ
ആരും കാണാതെ
ആഞ്ഞൊരു ശ്വാസമെടുത്തു
വലിക്കുന്നൊരാളെ...
ഏറെനാളോമനിച്ചൊരു
അരുമക്കിടാവിനെ
ഏൽപിച്ചു കൊടുത്തതിൻ
ദീർഘനിശ്വാസമാവാം...
അകലെ കാത്തിരിയ്ക്കുന്നുണ്ട്
ഇന്നോളം കാണാത്തൊരു ഭവനം.
കൈപിടിച്ചു കയറ്റുമ്പോൾ
ഉഴിഞ്ഞുരുക്കുന്നു കണ്ണുകൾ;
മേനിമൂടും പൊന്നിനെ
അളന്നെടുക്കുന്നതാവാം...
ആരോ വളർത്തി
വലുതാക്കും അരുമമക്കളെ
കൈപിടിച്ചു കയറ്റുമ്പോൾ
കൊളുത്തണം അകതാരിൽ
ദീനിൻ വെളിച്ചം.
നീയാണ് ധനം,
നീ തന്നെയാണ് ധനം
എന്നാവർത്തിച്ചു പറഞ്ഞീടിൽ
മകളായ് തീരുമവൾ
മതിയോളം സ്നേഹം
തിരികെത്തരാൻ.



WISDOM alive COUNSELLING DESK

## ക്വാറന്റൈനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

## വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

| | | |
|---|---|---|
| **കാസറഗോഡ്**<br>+919526749667<br>+918075011566 | **കണ്ണൂർ**<br>+919645099797<br>+9194474 11307 | **വയനാട്**<br>+919446990991<br>+919961215816 |
| **കോഴിക്കോട് നോർത്ത്**<br>+919895626691<br>+919567858078 | **കോഴിക്കോട് സൗത്ത്**<br>+918547853036<br>+919895356111 | **പാലക്കാട്**<br>+919656118833<br>+919847939173 |
| **മലപ്പുറം ഈസ്റ്റ്**<br>(നിലമ്പൂർ റീജ്യൺ)<br>+919447749005<br>+919995662305 | **മലപ്പുറം വെസ്റ്റ്**<br>(തിരൂർ റീജ്യൺ)<br>+919037159419<br>+917012095123 | **മലപ്പുറം നോർത്ത്**<br>(മലപ്പുറം റീജ്യൺ)<br>+919495889689<br>+919946199288 |
| **തൃശൂർ**<br>+919446222282<br>+917510580834 | **എറണാകുളം**<br>+918921655063<br>+918289880889 | **ഇടുക്കി**<br>+919946545193<br>+919037640858 |
| **ആലപ്പുഴ**<br>+919995310518<br>+918943464478 | **കൊല്ലം**<br>+919895786601<br>+919947802460 | **തിരുവനന്തപുരം**<br>+919526524467 |

WISDOM ALIVE COUNCELLING DESK

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JULY 03

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm